Government of India

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | |
|---|---|---|---|---|---|---|
| सं० 4248 | नई दिल्ली | शनिवार | 30 दिसंबर 2023/ | 9 पौष 1945 (शक) | खण्ड | 12 |
| No. 4248 | NEW DELHI | Saturday | 30 December 2023/ | 9 Pousha, 1945 (Saka) | Vol. | 12 |
| നമ്പർ 4248 | ന്യൂഡൽഹി | ശനി | 30 ഡിസംബർ 2023/ | 9 പൌഷം, 1945 (ശക) | വാല്യം | 12 |


## MINISTRY OF LAW AND JUSTICE

### (Legislative Department)

*New Delhi, 22nd November, 2022/1st Agrahayana, 1944 (Saka).*

The translation in Malayalam of The National Food Security Act, 2013 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

ദേശീയ ഭക്ഷ്യ സുരക്ഷാ ആക്റ്റ്, 2013-ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. REETA VASISHTA,
*Secretary to the Government of India.*

GCPT 212/9011/2023/S29.

# ദേശീയ ഭക്ഷ്യ സുരക്ഷാ ആക്റ്റ്, 2013
## (2013-ലെ 20-ാം നമ്പർ ആക്റ്റ്)

അന്തസ്സോടുകൂടിയ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് താങ്ങാവുന്ന വിലയ്ക്ക് മതിയായ അളവിലുള്ള ഗുണനിലവാരമുള്ള ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിലൂടെ മനുഷ്യ ജീവിതചക്ര സമീപനത്തിൽ ഭക്ഷ്യ-പോഷക സുരക്ഷയ്ക്കും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ളിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭികം

1. (1) ഈ ആക്റ്റിന് ദേശീയ ഭക്ഷ്യ സുരക്ഷാ ആക്റ്റ്, 2013 എന്ന് പേര് പറയാവുന്നതാണ്. *ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.*

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, ഇത് 2013 ജുലൈ 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,— *നിർവ്വചനങ്ങൾ.*

(1) "അങ്കണവാടി" എന്നാൽ 4-ാം വകുപ്പിന്റെയും 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിന്റെയും 6-ാം വകുപ്പിന്റെയും കീഴിൽ വരുന്ന സേവനങ്ങൾ നൽകുവാൻ കേന്ദ്ര സർക്കാരിന്റെ സംയോജിത ശിശു വികസന സേവന പദ്ധതിയിൻ കീഴിൽ സ്ഥാപിച്ച ശിശു സംരക്ഷണ വികസന കേന്ദ്രം എന്നർത്ഥമാകുന്നു;

(2) "കേന്ദ്ര പൂൾ" എന്നാൽ,—

(i) ഏറ്റവും കുറഞ്ഞ താങ്ങുവില പദ്ധതികൾ വഴി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും സംഭരിച്ച;

(ii) ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായവും ദുരന്ത നിവാരണം ഉൾപ്പെടെയുള്ള മറ്റ് ക്ഷേമ പദ്ധതികളും അങ്ങനെയുള്ള മറ്റ് പദ്ധതികളും പ്രകാരമുള്ള വീതിച്ച് കൊടുക്കലിന് വേണ്ടി വച്ചുപോരുന്ന;

(iii) (ii)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള പദ്ധതികൾക്ക് വേണ്ടി കരുതലുകളായി സൂക്ഷിച്ച,

ഭക്ഷ്യധാന്യങ്ങളുടെ ശേഖരം എന്നർത്ഥമാകുന്നു;

(3) "അർഹതയുള്ള കുടുംബങ്ങൾ" എന്നാൽ 3-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മുൻഗണന കുടുംബങ്ങളുടെയും അന്ത്യോദയ അന്നയോജനയുടെയും കീഴിൽ ഉൾപ്പെടുന്ന കുടുംബങ്ങൾ എന്നർത്ഥമാകുന്നു;

1955-ലെ 10. (4) "ന്യായവിലക്കട" എന്നാൽ അവശ്യസാധനങ്ങൾ ആക്റ്റ്, 1955-ലെ 3-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഒരു ഉത്തരവ് വഴി, ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സംവിധാനത്തിൻ കീഴിൽ റേഷൻ കാർഡ് കൈവശക്കാർക്ക്, അവശ്യസാധനങ്ങൾ വിതരണം ചെയ്യുവാൻ ലൈസൻസ് നൽകപ്പെട്ടിട്ടുള്ള ഒരു കട എന്നർത്ഥമാകുന്നു;

(5) "ഭക്ഷ്യധാന്യങ്ങൾ" എന്നാൽ കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ ഉത്തരവ് വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ഗുണനിലവാര മാനദണ്ഡങ്ങൾക്ക് അനുരൂപമാകുന്ന അരിയോ ഗോതമ്പോ പരുക്കൻ ധാന്യങ്ങളോ അതിന്റെ ഏതെങ്കിലും സംയോജനമോ എന്നർത്ഥമാകുന്നു;

(6) "ഭക്ഷ്യസുരക്ഷ" എന്നാൽ II-ാം അദ്ധ്യായത്തിൻ കീഴിൽ നിർദ്ദേശിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെയും ആഹാരത്തിന്റെയും അവകാശപ്പെട്ട അളവിലുള്ള വിതരണം എന്നർത്ഥമാകുന്നു;

(7) "ഭക്ഷ്യസുരക്ഷാ അലവൻസ്" എന്നാൽ 8-ാം വകുപ്പ് പ്രകാരം അവകാശപ്പെട്ട ആളുകൾക്ക് ബന്ധപ്പെട്ട സംസ്ഥാന സർക്കാർ നൽകേണ്ട തുക എന്നർത്ഥമാകുന്നു;

(8) "തദ്ദേശാധികാരസ്ഥാനം" എന്നതിൽ സ്വയംഭരണത്തിനുവേണ്ടി ഭരണഘടനയോ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമമോ പ്രകാരം അധികാരപ്പെടുത്തപ്പെടുന്ന പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ ജില്ലാ ബോർഡോ കന്റോൺമെന്റ് ബോർഡോ നഗരാസൂത്രണ അധികാരസ്ഥാനമോ കൂടാതെ പഞ്ചായത്തുകൾ നിലവിലില്ലാത്ത ആസ്സാം, മണിപ്പൂർ, മേഘാലയ, മിസ്സോറാം, നാഗാലാന്റ്, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ വില്ലേജ് കൗൺസിലോ കമ്മിറ്റിയോ മറ്റേതെങ്കിലും നികായമോ, എന്തൊക്കെ വിളിക്കപ്പെട്ടാലും, ഒരു നിർദ്ദിഷ്ട തദ്ദേശ പ്രദേശത്തിനുള്ളിൽ പൗരസേവനങ്ങളുടെ നിയന്ത്രണത്തിലോ നടത്തിപ്പിലോ നിക്ഷിപ്തമായിട്ടുള്ള മറ്റേതെങ്കിലും അധികാരസ്ഥാനമോ നികായമോ ഉൾപ്പെടുന്നതുമാകുന്നു;

(9) "ആഹാരം" എന്നാൽ കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരം, പാചകം ചെയ്ത ചൂടുള്ളതോ മുൻപ് പാചകം ചെയ്ത് അത് വിളമ്പുന്നതിന് മുമ്പ് ചൂടാക്കിയതോ ആയ ആഹാരമോ അല്ലെങ്കിൽ വീട്ടിൽ കൊണ്ടു പോകാവുന്ന റേഷനോ എന്നർത്ഥമാകുന്നു;

(10) "ഏറ്റവും കുറഞ്ഞ താങ്ങുവില" എന്നാൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും അവയുടെ ഏജൻസികളും കേന്ദ്ര പൂളിലേക്കായി കർഷകരിൽ നിന്ന് സംഭരിക്കുന്ന ഭക്ഷ്യധാന്യങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന ഉറപ്പുവില എന്നർത്ഥമാകുന്നു;

(11) "വിജ്ഞാപനം" എന്നാൽ ഈ ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ചതും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(12) "മറ്റു ക്ഷേമ പദ്ധതികൾ" എന്നാൽ ലക്ഷ്യമിട്ടിട്ടുള്ള പൊതു വിതരണ സമ്പ്രദായത്തിന് പുറമേ പദ്ധതികളുടെ ഭാഗമായി ഭക്ഷ്യ ധാന്യങ്ങളോ ആഹാരമോ വിതരണം ചെയ്യപ്പെടുന്ന അങ്ങനെയുള്ള സർക്കാർ പദ്ധതികൾ എന്നർത്ഥമാകുന്നു;

(13) "അവശതയുള്ള ആൾ" എന്നാൽ വൈകല്യങ്ങളുള്ള ആളുകൾ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) ആക്റ്റ്, 1995-ലെ 2-ാം വകുപ്പിന്റെ (ന) ഖണ്ഡത്തിൽ അപ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നു; 1996-ലെ 1.

(14) "മുൻഗണനയുള്ള കുടുംബങ്ങൾ" എന്നാൽ 10-ാം വകുപ്പ് പ്രകാരം അപ്രകാരം തിരിച്ചറിയപ്പെട്ട കുടുംബങ്ങൾ എന്നർത്ഥമാകുന്നു;

(15) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(16) "റേഷൻ കാർഡ്" എന്നാൽ ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായ പ്രകാരം ന്യായവിലക്കടകളിൽ നിന്നും അവശ്യസാധനങ്ങൾ വാങ്ങുന്നതിനായി സംസ്ഥാന സർക്കാരിന്റെ ഉത്തരവോ അധികാരമോ പ്രകാരം നൽകപ്പെട്ട ഒരു രേഖ എന്നർത്ഥമാകുന്നു;

(17) "ഗ്രാമപ്രദേശം" എന്നാൽ ഒരു സംസ്ഥാനത്ത്, തത്സമയം നിലവിലുള്ള ഏതെങ്കിലും നിയമ പ്രകാരം സ്ഥാപിക്കപ്പെട്ടതോ രൂപവൽക്കരിക്കപ്പെട്ടതോ ആയ ഏതെങ്കിലും നഗര തദ്ദേശ നികായമോ ഒരു കന്റോൺമെന്റ് ബോർഡോ ഉൾപ്പെടുന്നതായ പ്രദേശങ്ങൾ ഒഴികെയുള്ള ഏതെങ്കിലും പ്രദേശം എന്നർത്ഥമാകുന്നു;

(18) "പട്ടിക" എന്നാൽ ഈ ആക്റ്റിന് അനുബന്ധമായുള്ള ഒരു പട്ടിക എന്നർത്ഥമാകുന്നു;

(19) "മുതിർന്ന പൗരൻ" എന്നാൽ മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ്, 2007-ലെ 2-ാം വകുപ്പിലെ (ജ) ഖണ്ഡത്തിൻ കീഴിൽ അപ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നു; 2007-ലെ 56.

(20) "സോഷ്യൽ ആഡിറ്റ്" എന്നാൽ ഒരു പരിപാടിയുടെയോ പദ്ധതിയുടെയോ ആസൂത്രണവും നടപ്പാക്കലും ജനങ്ങൾ കൂട്ടമായി നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന പ്രക്രിയ എന്നർത്ഥമാകുന്നു;

(21) "സംസ്ഥാന കമ്മീഷൻ" എന്നാൽ 16-ാം വകുപ്പ് പ്രകാരം രൂപവൽക്കരിക്കപ്പെട്ട സംസ്ഥാന ഭക്ഷ്യ കമ്മീഷൻ എന്നർത്ഥമാകുന്നു;

(22) ഒരു യൂണിയൻ പ്രദേശത്തെ സംബന്ധിച്ചിടത്തോളം "സംസ്ഥാന സർക്കാർ" എന്നാൽ ഭരണഘടനയുടെ 239-ാം അനുച്ഛേദ പ്രകാരം നിയമിക്കപ്പെട്ട അതിന്റെ അഡ്മിനിസ്ട്രേറ്റർ എന്നർത്ഥമാകുന്നു;

(23) "ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായം" എന്നാൽ ന്യായവിലക്കടകൾ വഴി റേഷൻ കാർഡ് കൈവശക്കാർക്ക് അവശ്യസാധനങ്ങളുടെ വിതരണത്തിനുള്ള സമ്പ്രദായം എന്നർത്ഥമാകുന്നു;

(24) "വിജിലൻസ് കമ്മിറ്റി" എന്നാൽ ഈ ആക്റ്റ് പ്രകാരമുള്ള എല്ലാ സ്കീമുകളുടെയും നടപ്പാക്കലിന് മേൽനോട്ടം വഹിക്കുന്നതിനായി 29-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു സമിതി എന്നർത്ഥമാകുന്നു;

(25) ഇതിൽ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ അവശ്യസാധനങ്ങൾ ആക്റ്റ്, 1955-ലോ പ്രസക്തമായ മറ്റേതെങ്കിലും ആക്റ്റിലോ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആ ആക്റ്റുകളിൽ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്. 1955-ലെ 10

## അദ്ധ്യായം II

## ഭക്ഷ്യ സുരക്ഷയ്ക്കുള്ള വ്യവസ്ഥകൾ

*ലക്ഷ്യമിട്ടിട്ടുള്ള പൊതു വിതരണ സമ്പ്രദായ പ്രകാരം അർഹതയുള്ള കുടുംബങ്ങളിൽപ്പെടുന്ന ആളുകൾക്ക് സബ്സിഡി നൽകപ്പെട്ട വിലകളിൽ ഭക്ഷ്യ ധാന്യങ്ങൾ ലഭിക്കുന്നതിനുള്ള അവകാശം.*

3. (1) 10-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം തിരിച്ചറിയപ്പെട്ട മുൻഗണന കുടുംബങ്ങളിൽപ്പെട്ട ഓരോ ആളിനും ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായ പ്രകാരം സംസ്ഥാന സർക്കാരിൽ നിന്നും I-ാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള സബ്സിഡി നൽകപ്പെട്ട വിലകളിൽ മാസംതോറും ആളൊന്നിന് അഞ്ച് കിലോ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ അന്ത്യോദയ അന്നയോജനയിൻ കീഴിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതിയിൽ ഓരോ സംസ്ഥാനത്തിനും വേണ്ടി കേന്ദ്ര സർക്കാർ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള വ്യാപ്തിയോളം I-ാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള വിലകളിൽ ഓരോ കുടുംബത്തിനും പ്രതിമാസം മുപ്പത്തിയഞ്ച് കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നുമാത്രമല്ല ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും സംസ്ഥാനത്തിന് ഭക്ഷ്യധാന്യങ്ങളുടെ വാർഷിക വകയിരുത്തൽ സാധാരണയായി ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായ പ്രകാരം കഴിഞ്ഞ മൂന്ന് വർഷത്തിനുള്ള ഭക്ഷ്യധാന്യങ്ങളുടെ ശരാശരി വാർഷിക ഉപഭോഗത്തിനേക്കാൾ കുറവാണെങ്കിൽ, ആയത് കേന്ദ്ര സർക്കാർ നിശ്ചയിക്കാവുന്ന വിലകളിൽ സംരക്ഷിക്കപ്പെടേണ്ടതും സംസ്ഥാനത്തിന് ഭക്ഷ്യധാന്യങ്ങൾ IV-ാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വകയിരുത്തേണ്ടതുമാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യത്തിനായി "അന്ത്യോദയ അന്നയോജന" എന്നാൽ 2000 ഡിസംബർ 25-ാം തീയതി കേന്ദ്ര സർക്കാർ പ്രസ്തുത പേരിൽ സമാരംഭിച്ചതും കാലാകാലങ്ങളിൽ രൂപഭേദപ്പെടുത്തിയ പ്രകാരമുള്ളതുമായ പദ്ധതി എന്നർത്ഥമാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അർഹതപ്പെട്ട കുടുംബങ്ങളിൽപ്പെടുന്ന ആളുകളുടെ സബ്സിഡി പ്രകാരമുള്ള വിലകൾക്കുള്ള അവകാശങ്ങൾ ഗ്രാമ ജനസംഖ്യയുടെ എഴുപത്തിയഞ്ച് ശതമാനംവരെയും നഗര ജനസംഖ്യയുടെ അൻപത് ശതമാനംവരെയും വ്യാപിപ്പിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിന് വിധേയമായി, സംസ്ഥാന സർക്കാരിന്, അർഹതപ്പെട്ട കുടുംബങ്ങളിൽപ്പെടുന്ന ആളുകൾക്ക്, കേന്ദ്ര സർക്കാർ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഭക്ഷ്യധാന്യങ്ങളുടെ അവകാശപ്പെട്ട അളവിന് പകരം ഗോതമ്പ്മാവ് നൽകാവുന്നതാണ്.

*ഗർഭിണിയായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷക ആഹാര സഹായം.*

4. കേന്ദ്ര സർക്കാർ ഉണ്ടാക്കാവുന്ന അങ്ങനെയുള്ള പദ്ധതികൾക്ക് വിധേയമായി, ഓരോ ഗർഭിണിയായ സ്ത്രീക്കും മുലയൂട്ടുന്ന അമ്മയ്ക്കും—

(ക) ഗർഭകാലത്തും ശിശു ജനനത്തിന് ശേഷം 6 മാസത്തേക്കും II-ാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള പോഷകാഹാര നിലവാരം കൈവരിക്കുന്നതിനായി പ്രാദേശിക അങ്കണവാടി മുഖേന സൗജന്യമായ ആഹാരത്തിനും;

(ഖ) കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള തവണകളിൽ ആറായിരം രൂപയിൽ കുറയാത്ത പ്രസവാനുകൂല്യത്തിനും, അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരുകളിലോ പൊതുമേഖലാ സംരംഭങ്ങളിലോ സ്ഥിരം തൊഴിലിലുള്ള അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമ പ്രകാരം സമാന ആനുകൂല്യം കൈപ്പറ്റുന്ന എല്ലാ ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും (ഖ) ഖണ്ഡത്തിൽ വിവരിച്ചിട്ടുള്ള ആനുകൂല്യങ്ങൾക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

*കുട്ടികൾക്ക് പോഷകാഹാര സഹായം.*

5. (1) (ഖ) ഖണ്ഡത്തിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, പതിനാല് വയസ്സ് വരെ പ്രായമുള്ള ഓരോ കുട്ടിക്കും അവന്റെ പോഷകാഹാര ആവശ്യങ്ങൾക്കായി താഴെപ്പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ആറ് മാസം മുതൽ ആറ് വർഷം വരെ പ്രായമുള്ള വിഭാഗത്തിലെ കുട്ടികളുടെ സംഗതിയിൽ, II-ാം പട്ടികയിൽ വിവരിച്ചിട്ടുള്ള പോഷകാഹാര നിലവാരം കൈവരിക്കുന്നതിനായി പ്രാദേശിക അങ്കണവാടി മുഖേന സൗജന്യമായി പ്രായത്തിന് അനുയോജ്യമായ ആഹാരത്തിന്:

എന്നാൽ ആറ് മാസത്തിന് താഴെ പ്രായമുള്ള കുട്ടികൾക്ക് വേണ്ടി മുലയൂട്ടൽ മാത്രം പ്രോത്സാഹിപ്പിക്കേണ്ടതാണ്;

(ഖ) VIII-ാം ക്ലാസ്സ് വരെയോ ആറ് മുതൽ പതിനാല് വയസ്സ് വരെ വിഭാഗത്തിനകത്തുള്ളതോ ആയ കുട്ടികളുടെ സംഗതിയിൽ ഏതാണോ ബാധകമാകുന്നത് അതിന് തദ്ദേശ നികായങ്ങളാൽ നടത്തപ്പെടുന്ന എല്ലാ സ്കൂളുകളിലും സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലും II-ാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള പോഷകാഹാര നിലവാരം കൈവരിക്കുന്നതിനായി സ്കൂൾ അവധി ദിവസങ്ങൾ ഒഴികെയുള്ള ഓരോ ദിവസവും സൗജന്യമായി ഒരുനേരം ഉച്ചഭക്ഷണത്തിന്.

(2) (1)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഓരോ സ്കൂളിനും അങ്കണവാടിക്കും ആഹാരം പാകം ചെയ്യുന്നതിനും കുടിവെള്ളത്തിനും ശുചീകരണത്തിനുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ നഗരപ്രദേശങ്ങളിൽ ആഹാരം പാകം ചെയ്യുന്നതിന് ആവശ്യമായിടത്തെല്ലാം, കേന്ദ്രീകൃത അടുക്കള സൗകര്യങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഉപയോഗിക്കാവുന്നതാണ്.

*കുട്ടികളിലെ പോഷകാഹാര ക്കുറവ് തടയലും കൈകാര്യം ചെയ്യലും.*

6. സംസ്ഥാന സർക്കാർ, തദ്ദേശ അങ്കണവാടി മുഖേന പോഷകാഹാരക്കുറവ് അനുഭവിക്കുന്ന കുട്ടികളെ തിരിച്ചറിയേണ്ടതും II-ാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള പോഷകാഹാര നിലവാരങ്ങൾ കൈവരിക്കുന്നതിനായി സൗജന്യമായി ആഹാരം നൽകേണ്ടതുമാണ്.

*അവകാശങ്ങൾ സാധിച്ചു കിട്ടുന്നതിനുവേണ്ടിയുള്ള പദ്ധതികളുടെ നടപ്പാക്കൽ.*

7. സംസ്ഥാന സർക്കാരുകൾ, കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും തമ്മിൽ ചെലവ് പങ്ക് വയ്ക്കുന്നതുൾപ്പെടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായതും 4, 5 എന്നീ വകുപ്പുകളും 6-ാം വകുപ്പും പ്രകാരമുള്ളതുമായ അവകാശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

## അദ്ധ്യായം III

## ഭക്ഷ്യ സുരക്ഷാ അലവൻസ്

*ചില സംഗതികളിൽ ഭക്ഷ്യ സുരക്ഷാ അലവൻസ് സ്വീകരിക്കുവാനുള്ള അവകാശം.*

8. II-ാം അദ്ധ്യായപ്രകാരം അവകാശപ്പെട്ട ആളുകൾക്ക് അവകാശപ്പെട്ട അളവിലുള്ള ഭക്ഷ്യധാന്യങ്ങളും ആഹാരവും വിതരണം ചെയ്യാത്ത സംഗതിയിൽ, അങ്ങനെയുള്ള ആളുകൾക്ക് കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിലും രീതിയിലും, ബന്ധപ്പെട്ട സംസ്ഥാന സർക്കാരിൽ നിന്നും ഓരോ ആളിനും കൊടുക്കേണ്ട അങ്ങനെയുള്ള ഭക്ഷ്യ സുരക്ഷാ അലവൻസ് ലഭിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം IV

## അർഹതപ്പെട്ട കുടുംബങ്ങളെ തിരിച്ചറിയൽ

*ലക്ഷ്യമിട്ടിട്ടുള്ള പൊതു വിതരണ സമ്പ്രദായ പ്രകാരം ജനസംഖ്യയെ ഉൾപ്പെടുത്തൽ.*

9. ഓരോ സംസ്ഥാനത്തിനും വേണ്ടി ഗ്രാമ-നഗര പ്രദേശങ്ങളിൽ ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായ പ്രകാരമുള്ള ഉൾപ്പെടുത്തൽ ശതമാനം 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിന് വിധേയമായി കേന്ദ്ര സർക്കാർ നിശ്ചയിക്കേണ്ടതും ആ സംസ്ഥാനത്തെ അങ്ങനെയുള്ള ഗ്രാമ-നഗര പ്രദേശങ്ങളിൽ ഉൾപ്പെടുത്തേണ്ട ആളുകളുടെ ആകെ എണ്ണം പ്രസക്തമായ സംഖ്യകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള സെൻസസ് അനുസരിച്ചുള്ള ജനസംഖ്യ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതുമാണ്.

*സംസ്ഥാന സർക്കാർ, മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുകയും മുൻഗണനാ കുടുംബങ്ങളെ തിരിച്ചറിയുകയും ചെയ്യണമെന്ന്.*

10. (1) സംസ്ഥാന സർക്കാർ, ഗ്രാമ-നഗര പ്രദേശങ്ങൾക്കുവേണ്ടി 9-ാം വകുപ്പ് പ്രകാരം നിശ്ചയിച്ചിട്ടുള്ള ആളുകളുടെ എണ്ണത്തിനുള്ളിൽ,—

(ക) അന്ത്യോദയ അന്നയോജനയിൻ കീഴിൽ 3-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള വ്യാപ്തിയോളം പ്രസ്തുത പദ്ധതിക്ക് ബാധകമായ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഉൾപ്പെടുത്തേണ്ട കുടുംബങ്ങളെയും;

(ഖ) ശേഷിക്കുന്ന കുടുംബങ്ങളെ, ലക്ഷ്യമിട്ടിട്ടുള്ള പൊതു വിതരണ സമ്പ്രദായത്തിൻ കീഴിൽ സംസ്ഥാന സർക്കാർ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഉൾപ്പെടുത്തേണ്ട മുൻഗണനാ കുടുംബങ്ങളായും,

തിരിച്ചറിയേണ്ടതാണ്:

എന്നാൽ സംസ്ഥാന സർക്കാരിന്, കഴിയുന്നത്ര വേഗത്തിൽ, എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം മുന്നൂറ്റി അറുപത്തി അഞ്ച് ദിവസത്തിൽ കവിയാത്ത അങ്ങനെയുള്ള കാലാവധിക്കുള്ളിൽ ഈ ഉപവകുപ്പ് പ്രകാരം ഉണ്ടാക്കപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അർഹതപ്പെട്ട കുടുംബങ്ങളെ തിരിച്ചറിയാവുന്നതാണ്:

എന്നുമാത്രമല്ല സംസ്ഥാന സർക്കാർ അങ്ങനെയുള്ള കുടുംബങ്ങളുടെ തിരിച്ചറിയൽ പൂർത്തിയാകുന്നതുവരെ നിലവിലുള്ള ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായത്തിൻ കീഴിൽ കേന്ദ്ര സർക്കാരിൽ നിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ വകയിരുത്തൽ കൈപ്പറ്റുന്നത് തുടരേണ്ടതാണ്.

(2) സംസ്ഥാന സർക്കാർ ഗ്രാമ-നഗര പ്രദേശങ്ങൾക്ക് വേണ്ടി 9-ാം വകുപ്പ് പ്രകാരം നിശ്ചയിച്ചിട്ടുള്ള ആളുകളുടെ എണ്ണത്തിലധികമാകാതെ, (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അർഹതപ്പെട്ട കുടുംബങ്ങളുടെ പട്ടിക പരിഷ്കരിക്കേണ്ടതാണ്.

*അർഹതപ്പെട്ട കുടുംബങ്ങളുടെ പട്ടികയുടെ പ്രസിദ്ധീകരണവും പ്രദർശനവും.*

11. സംസ്ഥാന സർക്കാർ, തിരിച്ചറിയപ്പെട്ട അർഹതപ്പെട്ട കുടുംബങ്ങളുടെ പട്ടിക പൊതുജനങ്ങൾക്ക് അധീനമായി വയ്ക്കേണ്ടതും അത് ശ്രദ്ധിക്കപ്പെടുന്നവിധം പ്രദർശിപ്പിക്കേണ്ടതുമാണ്.

അദ്ധ്യായം V

## ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായത്തിലെ പരിഷ്കാരങ്ങൾ

*ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായത്തിലെ പരിഷ്കാരങ്ങൾ.*

12. (1) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, ഈ ആക്റ്റിൽ അവയ്ക്കു വേണ്ടി വിഭാവനം ചെയ്തിട്ടുള്ള കർത്തവ്യത്തിന് അനുരൂപമായി ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായത്തിൽ ആവശ്യമായ പരിഷ്കാരങ്ങൾ പുരോഗമനപരമായി ഏറ്റെടുക്കുവാൻ യത്നിക്കേണ്ടതാണ്.

(2) പരിഷ്കാരങ്ങളിൽ മറ്റ് പലതിന്റെയും കൂട്ടത്തിൽ,—

(ക) ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായ ഔട്ട്ലെറ്റുകൾക്ക് ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടിയിൽ എത്തിച്ചുകൊടുക്കൽ;

(ഖ) എല്ലാ തലങ്ങളിലും ഇടപാടുകളുടെ സുതാര്യമായ രേഖപ്പെടുത്തൽ ഉറപ്പ് വരുത്തുവാനും തിരിമറി തടയുവാനും ഉടനീളമുള്ള കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെ വിവര-ആശയ വിനിമയ സാങ്കേതികവിദ്യാ ഉപകരണങ്ങൾ പ്രയോഗിക്കൽ;

(ഗ) ഈ ആക്റ്റ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ഉചിതമാംവിധം ലക്ഷ്യമിടുന്നതിലേക്കായി, അർഹരായ ഗുണഭോക്താക്കളുടെ ബയോമെട്രിക് വിവരങ്ങൾ സഹിതമുള്ള യൂണിക് ഐഡന്റിഫിക്കേഷനുവേണ്ടി "ആധാറിനെ" ഉപയോഗിക്കേണ്ട രീതി;

(ഘ) രേഖകളുടെ പൂർണ്ണ സുതാര്യത;

(ങ) ന്യായവിലകടകൾക്ക് ലൈസൻസ് നൽകുന്നതിലും വനിതകളാലോ അവരുടെ കൂട്ടായ്മയാലോ ന്യായവിലകടകളുടെ നടത്തിപ്പിനും പഞ്ചായത്തുകൾ, സ്വയംസഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ പോലുള്ള പൊതുസ്ഥാപനങ്ങൾ അല്ലെങ്കിൽ പൊതു നികായങ്ങൾക്കും മുൻഗണന;

(ച) ഒരു കാലയളവിലേക്ക് പൊതുവിതരണ സമ്പ്രദായത്തിൻ കീഴിൽ വിതരണം ചെയ്യപ്പെടുന്ന ചരക്കുകളുടെ വൈവിധ്യവൽക്കരണം;

(ഛ) പ്രാദേശിക പൊതുവിതരണ മാതൃകകൾക്കും ധാന്യബാങ്കുകൾക്കും പിന്തുണ;

(ജ) ലക്ഷ്യമിട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് II-ാം അദ്ധ്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ള അവരുടെ ഭക്ഷ്യധാന്യ അവകാശങ്ങൾ ഉറപ്പാക്കുന്നതിന് പണക്കൈമാറ്റമോ ഭക്ഷണ കൂപ്പണുകളോ മറ്റു പദ്ധതികളോ പോലുള്ള പദ്ധതികൾ കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള പ്രദേശത്തും രീതിയിലും ആരംഭിക്കൽ,

എന്നിവ ഉൾപ്പെടുന്നതാണ്.

## അദ്ധ്യായം VI

## സ്ത്രീ ശാക്തീകരണം

*റേഷൻ കാർഡുകൾ നൽകുന്ന ആവശ്യത്തിനായി പതിനെട്ട് വയസ്സോ അതിന് മുകളിലോ ഉള്ള സ്ത്രീകൾ കുടുംബനാഥ ആയിരിക്കുമെന്ന്.*

13. (1) ഓരോ അർഹതപ്പെട്ട കുടുംബത്തിനും പതിനെട്ട് വയസിൽ കുറയാതെയുള്ള ഏറ്റവും മുതിർന്ന സ്ത്രീ റേഷൻ കാർഡുകൾ നൽകുന്നതിന്റെ ആവശ്യത്തിനായി കുടുംബത്തിന്റെ നാഥ ആയിരിക്കുന്നതാണ്.

(2) ഒരു കുടുംബത്തിന് ഏതെങ്കിലും സമയത്ത് ഒരു സ്ത്രീയോ പതിനെട്ട് വയസ്സോ അതിന് മുകളിലോ ഉള്ള ഒരു സ്ത്രീയോ ഇല്ലാതിരിക്കുകയും എന്നാൽ പതിനെട്ട് വയസ്സിന് താഴെയുള്ള ഒരു വനിതാ അംഗം ഉണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്, അപ്പോൾ ആ കുടുംബത്തിലെ ഏറ്റവും മുതിർന്ന പുരുഷ അംഗം റേഷൻ കാർഡ് നൽകുന്ന ആവശ്യത്തിനായി ആ കുടുംബത്തിന്റെ നാഥൻ ആയിരിക്കുന്നതും ആ വനിതാ അംഗം പതിനെട്ട് വയസ്സ് തികയുന്നതിന്മേൽ അങ്ങനെയുള്ള റേഷൻ കാർഡുകൾക്ക് വേണ്ടി അങ്ങനെയുള്ള പുരുഷ അംഗത്തിന്റെ സ്ഥാനത്ത് ആ കുടുംബത്തിന്റെ നാഥ ആയി തീരുന്നതുമാണ്.

## അദ്ധ്യായം VII

## സങ്കടപരിഹാര സംവിധാനം

*ആഭ്യന്തര സങ്കടപരിഹാര സംവിധാനം.*

14. ഓരോ സംസ്ഥാന സർക്കാരും, കാൾ സെന്ററുകളോ ഹെൽപ്പ് ലൈനുകളോ നോഡൽ ഓഫീസർമാരുടെ ഉദ്യോഗപ്പേരോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് സംവിധാനമോ ഉൾപ്പെടാവുന്ന ഒരു ആഭ്യന്തര സങ്കടപരിഹാര സംവിധാനം യഥാസ്ഥാനത്ത് സ്ഥാപിക്കേണ്ടതാണ്.

*ജില്ലാ സങ്കടപരിഹാര ഉദ്യോഗസ്ഥൻ.*

15. (1) സംസ്ഥാന സർക്കാർ ഓരോ ജില്ലയ്ക്കും വേണ്ടി II-ാം അദ്ധ്യായപ്രകാരം അവകാശപ്പെട്ട ഭക്ഷ്യധാന്യങ്ങളുടെയോ ആഹാരത്തിന്റെയോ വിതരണത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ സങ്കടം അനുഭവിക്കുന്ന ആളുകളുടെ സത്വരവും ഫലപ്രദവുമായ സങ്കട പരിഹാരത്തിന് വേണ്ടിയും ഈ ആക്റ്റ് പ്രകാരമുള്ള അവകാശങ്ങൾ പ്രാവർത്തികമാക്കുവാനും ഒരു ഉദ്യോഗസ്ഥനെ ജില്ലാ സങ്കടപരിഹാര ഉദ്യോഗസ്ഥനായി നിയമിക്കുകയോ, പദവിനിർദ്ദേശം ചെയ്യുകയോ ചെയ്യേണ്ടതാണ്.

(2) ജില്ലാ സങ്കടപരിഹാര ഉദ്യോഗസ്ഥനായുള്ള നിയമനത്തിനു വേണ്ടിയുള്ള യോഗ്യതകളും അതിന്റെ അധികാരങ്ങളും സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) ജില്ലാ സങ്കടപരിഹാര ഉദ്യോഗസ്ഥന്റെ നിയമന രീതിയും വ്യവസ്ഥകളും ഉപാധികളും സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(4) സംസ്ഥാന സർക്കാർ, ജില്ലാ സങ്കടപരിഹാര ഉദ്യോഗസ്ഥന്റെയും മറ്റ് ജീവനക്കാരുടെയും ശമ്പളത്തിനും അലവൻസുകൾക്കും അവരുടെ ശരിയായ പ്രവർത്തനത്തിന് ആവശ്യമാണെന്ന് കരുതപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ചെലവുകൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടതാണ്.

(5) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ അവകാശപ്പെട്ട ഭക്ഷ്യധാന്യങ്ങളോ ആഹാരമോ വിതരണം ചെയ്യാതിരിക്കുന്നതും അതിനോട് ബന്ധപ്പെടുന്ന കാര്യങ്ങളും സംബന്ധിച്ച പരാതികൾ കേൾക്കേണ്ടതും സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള സമയത്തിനുള്ളിലും അവയുടെ പരിഹാരത്തിന് ആവശ്യമായ നടപടികൾ എടുക്കേണ്ടതുമാണ്.

(6) ആർക്കെതിരെയാണോ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ ഉത്തരവ് പാസ്സാക്കിയിട്ടുള്ളത്, ആ സങ്കടപരിഹാരം കൊണ്ട് തൃപ്തിപ്പെടാത്ത ഏതെങ്കിലും പരാതിക്കാരനോ ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ അങ്ങനെയുള്ള ഉത്തരവിനെതിരെ സംസ്ഥാന കമ്മീഷന് മുമ്പാകെ ഒരു അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

(7) (6)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ അപ്പീലും സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള സമയത്തിനുള്ളിലും ഫയൽ ചെയ്യേണ്ടതാണ്.

*സംസ്ഥാന ഭക്ഷ്യ കമ്മീഷൻ.*

16. (1) ഓരോ സംസ്ഥാന സർക്കാരും, വിജ്ഞാപനം വഴി, ഈ ആക്റ്റ് നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിന്റെയും പുനഃരവലോകനം ചെയ്യുന്നതിന്റെയും ആവശ്യത്തിനായി ഒരു സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാന കമ്മീഷനിൽ,—

(ക) ഒരു ചെയർപേഴ്സണും;

(ഖ) മറ്റ് അഞ്ച് അംഗങ്ങളും;

(ഗ) ആ സംസ്ഥാന സർക്കാരിന്റെ, ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥനായ ഒരു മെമ്പർ സെക്രട്ടറിയും,

അടങ്ങിയതായിരിക്കേണ്ടതാണ്:

എന്നാൽ ഏറ്റവും കുറഞ്ഞത് രണ്ട് വനിതകൾ അവർ ചെയർ പേഴ്സണോ അംഗമോ മെമ്പർ സെക്രട്ടറിയോ ആയിരുന്നാലും, ഉണ്ടായിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല പട്ടികജാതിയിൽപ്പെടുന്ന ഒരാളും പട്ടിക ഗോത്രവർഗത്തിൽപ്പെടുന്ന ഒരാളും, അദ്ദേഹം ചെയർപേഴ്സണോ അംഗമോ മെമ്പർ സെക്രട്ടറിയോ ആയിരുന്നാലും, ഉണ്ടായിരിക്കേണ്ടതാണ്.

(3) ചെയർപേഴ്സണും മറ്റ് അംഗങ്ങളും,—

(ക) അഖിലേന്ത്യാ സർവ്വീസുകളിലോ യൂണിയന്റെയോ സംസ്ഥാനത്തിന്റെയോ മറ്റേതെങ്കിലും സിവിൽ സർവ്വീസുകളിലോ അംഗം ആയിരിക്കുന്നതോ ആയിരുന്നിട്ടുള്ളതോ കൃഷി, പൊതുവിതരണം, പോഷകാഹാരം, ആരോഗ്യം എന്നീ മേഖലയിലോ സമാനമായ മറ്റു മേഖലയിലോ ഭക്ഷ്യസുരക്ഷയും, നയരൂപീകരണവും ഭരണ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അറിവും പരിചയവുമുള്ള യൂണിയന്റെയോ സംസ്ഥാനത്തിന്റെയോ കീഴിൽ ഒരു സിവിൽ തസ്തിക വഹിക്കുന്നതോ; അല്ലെങ്കിൽ

(ഖ) കൃഷിയിലോ നിയമത്തിലോ മനുഷ്യാവകാശങ്ങളിലോ സാമൂഹ്യ സേവനത്തിലോ, മാനേജ്മെന്റിലോ പോഷകാഹാരത്തിലോ ആരോഗ്യത്തിലോ ഭക്ഷ്യനയത്തിലോ പൊതുഭരണത്തിലോ വിപുലമായ അറിവോടും പരിചയത്തോടുംകൂടി പൊതുജീവിതത്തിൽ ഔന്നത്യമുള്ളതോ; അല്ലെങ്കിൽ

(ഗ) പാവപ്പെട്ടവരുടെ ഭക്ഷണത്തിന്റെയും പോഷകാഹാരത്തിന്റെയും അവകാശങ്ങളുടെ മെച്ചപ്പെടുത്തൽ സംബന്ധിച്ച് തെളിയിക്കപ്പെട്ട ഒരു പ്രവർത്തന റിക്കാർഡ് ഉള്ളതോ,

ആയ ആളുകൾക്കിടയിൽ നിന്നും നിയമിക്കപ്പെടേണ്ടതാണ്.

(4) ചെയർപേഴ്സണും മറ്റ് ഓരോ അംഗവും അയാൾ തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ 5 വർഷത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക് ഉദ്യോഗം വഹിക്കേണ്ടതും പുനർ നിയമനത്തിന് അർഹനായിരിക്കുന്നതുമാണ്:

എന്നാൽ യാതൊരാളും അയാൾക്ക് അറുപത്തിയഞ്ച് വയസ്സ് തികഞ്ഞതിനുശേഷം ചെയർപേഴ്സണോ മറ്റ് അംഗമോ ആയി ഉദ്യോഗം വഹിക്കുവാൻ പാടില്ലാത്തതാണ്.

(5) സംസ്ഥാന കമ്മീഷന്റെ ചെയർപേഴ്സന്റെയും മറ്റ് അംഗങ്ങളുടെയും മെമ്പർ സെക്രട്ടറിയുടെയും നിയമന രീതിയും മറ്റ് ഏതു വ്യവസ്ഥകൾക്കും ഉപാധികൾക്കും വിധേയമായാണോ നിയമിക്കപ്പെടാവുന്നത് അവയും, സംസ്ഥാന കമ്മീഷന്റെ യോഗങ്ങളുടെ സമയവും സ്ഥലവും നടപടിക്രമവും (അങ്ങനെയുള്ള യോഗങ്ങളിലെ ക്വാറവും ഉൾപ്പെടെ) അതിന്റെ അധികാരങ്ങളും സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

(6) സംസ്ഥാന കമ്മീഷൻ താഴെ പറയുന്ന ചുമതലകൾ ഏറ്റെടുക്കേണ്ടതാണ്, അതായത്:—

(ക) സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ ആക്റ്റിന്റെ നടപ്പാക്കൽ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക;

(ഖ) സ്വമേധയായോ പരാതി കൈപ്പറ്റിയതിന്മേലോ II-ാം അദ്ധ്യായത്തിൻ കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അവകാശങ്ങളുടെ ലംഘനങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുക;

(ഗ) ഈ ആക്റ്റിന്റെ ഫലപ്രദമായ നടപ്പാക്കലിന് സംസ്ഥാന സർക്കാരിന് ഉപദേശം നൽകുക;

(ഘ) വ്യക്തികളെ, ഈ ആക്റ്റിൽ നിർദ്ദേശിച്ചിട്ടുള്ള അവരുടെ അവകാശങ്ങൾ പൂർണ്ണമായും പ്രാപ്യമാക്കുവാൻ പ്രാപ്തരാക്കുന്നതിന് ഭക്ഷ്യവും പോഷകാഹാരവും സംബന്ധിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാരിനും അവരുടെ ഏജൻസികൾക്കും സ്വയംഭരണ നികായങ്ങൾക്കും അതുപോലെതന്നെ പ്രസക്ത സേവനങ്ങൾ നൽകുന്നതിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാരിതര സംഘടനകൾക്കും ഉപദേശം നൽകുക;

(ങ) ജില്ലാ സങ്കട പരിഹാര ഉദ്യോഗസ്ഥന്റെ ഉത്തരവുകൾക്കെതിരെയുള്ള അപ്പീലുകൾ കേൾക്കുക;

(ച) സംസ്ഥാന സർക്കാർ, സംസ്ഥാന നിയമനിർമ്മാണ സഭയുടെ മുമ്പാകെ വയ്ക്കേണ്ട വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുക.

(7) സംസ്ഥാന സർക്കാർ, സംസ്ഥാന കമ്മീഷന്റെ ശരിയായ പ്രവർത്തനത്തിന്, അതിന് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള ഭരണസംബന്ധവും സാങ്കേതികവുമായിട്ടുള്ള ജീവനക്കാരെ സംസ്ഥാന കമ്മീഷന്, ലഭ്യമാക്കേണ്ടതാണ്.

(8) (7) -ാം ഉപവകുപ്പ് പ്രകാരമുള്ള ജീവനക്കാരുടെ നിയമന രീതിയും അവരുടെ ശമ്പളവും അലവൻസുകളും സേവനോപാധികളും സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

(9) സംസ്ഥാന സർക്കാരിന്—

(ക) ഒരു നിർദ്ധനനായി ന്യായനിർണ്ണയം ചെയ്യപ്പെടുകയോ ഏതെങ്കിലും സമയത്ത് ചെയ്യപ്പെട്ടിട്ടുള്ളതോ;

(ഖ) ഒരംഗമായി പ്രവർത്തിക്കുന്നതിന് ശാരീരികമായോ മാനസികമായോ കഴിവില്ലാത്തതായി തീർന്നിട്ടുള്ളതോ;

(ഗ) സംസ്ഥാന സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗിക അധഃപതനം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ളതോ;

(ഘ) ഒരംഗമായുള്ള തന്റെ ചുമതലകളെ പ്രതികൂലമായി ബാധിക്കുവാൻ സാദ്ധ്യതയുള്ള അങ്ങനെയുള്ള സാമ്പത്തികമോ മറ്റ് താൽപര്യങ്ങളോ ആർജ്ജിച്ചിട്ടുള്ളതോ;

(ങ) ഉദ്യോഗത്തിൽ താൻ തുടരുന്നത് പൊതു താൽപര്യത്തിന് ഹാനികരമാക്കിത്തീർക്കത്തക്കവിധം തന്റെ സ്ഥാനം അപ്രകാരം ദുരുപയോഗപ്പെടുത്തിയിട്ടുള്ളതോ,

ആയ ചെയർപേഴ്സണെയോ ഏതൊരംഗത്തെയോ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്.

(10) അങ്ങനെയുള്ള യാതൊരു ചെയർപേഴ്സണോ അംഗമോ അയാൾക്ക് അക്കാര്യത്തിൽ പറയുവാനുള്ളത് കേൾക്കുവാനുള്ള ന്യായമായ അവസരം നൽകിയിട്ടില്ലാത്തപക്ഷം (9)-ാം ഉപവകുപ്പിന്റെ (ഘ) ഖണ്ഡമോ (ങ) ഖണ്ഡമോ പ്രകാരം നീക്കം ചെയ്യപ്പെടുവാൻ പാടില്ലാത്തതാണ്.

*സംസ്ഥാന കമ്മീഷനിലെ ചെയർപേഴ്സന്റെയും അംഗത്തിന്റെയും മെമ്പർ സെക്രട്ടറിയുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും.*

17. സംസ്ഥാന സർക്കാർ, ചെയർപേഴ്സന്റെയും മറ്റംഗങ്ങളുടെയും മെമ്പർ സെക്രട്ടറിയുടെയും സഹായക ജീവനക്കാരുടെയും ശമ്പളത്തിനും അലവൻസുകൾക്കും സംസ്ഥാന കമ്മീഷന്റെ ശരിയായ പ്രവർത്തനത്തിന് ആവശ്യമായ മറ്റ് ഭരണപരമായ ചെലവുകൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടതാണ്.

*സംസ്ഥാന കമ്മീഷനായി പ്രവർത്തിക്കുവാൻ ഏതെങ്കിലും കമ്മീഷനെയോ നികായത്തെയോ പദവി നിർദ്ദേശം ചെയ്യൽ.*

18. സംസ്ഥാന സർക്കാരിന്, അത് ആവശ്യമാണെന്ന് കരുതുന്നുവെങ്കിൽ, വിജ്ഞാപനം വഴി ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി കമ്മീഷനെയോ നികായത്തെയോ 16-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള സംസ്ഥാന കമ്മീഷന്റെ അധികാരങ്ങൾ വിനിയോഗിക്കുവാനും ചുമതലകൾ നിർവ്വഹിക്കുവാനും പദവിനിർദ്ദേശം ചെയ്യാവുന്നതാണ്.

*സംയുക്ത സംസ്ഥാന ഭക്ഷ്യ കമ്മീഷൻ.*

19. 16-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ എന്തുതന്നെ യടങ്ങിയിരുന്നാലും, രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്ക്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ ഒരു സംയുക്ത സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ഉണ്ടായിരിക്കാവുന്നതാണ്.

*അന്വേഷണത്തെ സംബന്ധിച്ച അധികാരങ്ങൾ.*

*1908-ലെ 5*

20. (1) സംസ്ഥാന കമ്മീഷന്, 16-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പിലെ (ഖ)-യും (ങ)-യും ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കാര്യം അന്വേഷണം നടത്തുന്ന വേളയിൽ സിവിൽ നടപടി നിയമസംഹിത, 1908 പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും പ്രത്യേകിച്ചും താഴെ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഏതെങ്കിലും ആളെ വിളിച്ചു വരുത്തുന്നതിനും ഹാജരാക്കിക്കുന്നതിനും അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും;

(ഖ) ഏതെങ്കിലും രേഖകളുടെ കണ്ടെത്തലും ഹാജരാക്കലും;

(ഗ) സത്യവാങ്മൂലങ്ങളിന്മേൽ തെളിവ് സ്വീകരിക്കലും;

(ഘ) ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ കോടതിയിൽനിന്നോ ഓഫീസിൽ നിന്നോ ആവശ്യപ്പെടലും;

(ങ) സാക്ഷികളുടെയോ രേഖകളുടെയോ വിസ്താരത്തിന് വേണ്ടി കമ്മീഷനുകൾ പുറപ്പെടുവിക്കലും.

*1974-ലെ 2.*

(2) സംസ്ഥാന കമ്മീഷന് ഏതെങ്കിലും കേസ്, ആയത് വിചാരണ ചെയ്യുവാൻ അധികാരിതയുള്ള ഒരു മജിസ്ട്രേറ്റിന് അയച്ചുകൊടുക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള ഏതെങ്കിലും കേസ് അയച്ചുകൊടുക്കപ്പെടുന്ന മജിസ്ട്രേറ്റ് ആ കേസ് ക്രിമിനൽ നടപടി നിയമസംഹിത, 1973-ന്റെ 346-ാം വകുപ്പ് പ്രകാരം അദ്ദേഹത്തിന് അയച്ചുകൊടുക്കപ്പെട്ടു എന്നപോലെ പ്രതിക്ക് എതിരായ പരാതി തുടർന്ന് കേൾക്കേണ്ടതുമാണ്.

*ഒഴിവുകൾ മുതലായവ സംസ്ഥാന കമ്മീഷന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്.*

21. സംസ്ഥാന കമ്മീഷന്റെ യാതൊരു പ്രവൃത്തിയോ നടപടിയോ—

(ക) സംസ്ഥാന കമ്മീഷനിലുള്ള ഏതെങ്കിലും ഒഴിവിന്റെയോ അതിന്റെ രൂപീകരണത്തിലെ ഏതെങ്കിലും ന്യൂനതയുടെയോ;

(ഖ) സംസ്ഥാന കമ്മീഷന്റെ ചെയർപേഴ്സണായോ അംഗമായോ ഉള്ള ഒരാളുടെ നിയമനത്തിലെ ഏതെങ്കിലും ന്യൂനതയുടെയോ;

(ഗ) സംസ്ഥാന കമ്മീഷന്റെ നടപടിക്രമത്തിൽ കേസിന്റെ മെറിറ്റുകളെ ബാധിക്കാത്ത ഏതെങ്കിലും ക്രമക്കേടിന്റെയോ,

കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

## അദ്ധ്യായം VIII

## ഭക്ഷ്യസുരക്ഷയ്ക്കുള്ള കേന്ദ്ര സർക്കാരിന്റെ കടമകൾ

*കേന്ദ്ര സർക്കാർ കേന്ദ്ര പൂളിൽനിന്ന് ആവശ്യമായ അളവിൽ ഭക്ഷ്യധാന്യങ്ങൾ സംസ്ഥാന സർക്കാരുകൾക്ക് വകയിരുത്തണമെന്ന്.*

22. (1) കേന്ദ്രസർക്കാർ അർഹതപ്പെട്ട കുടുംബങ്ങളിൽപ്പെടുന്ന ആളുകൾക്ക് ഭക്ഷ്യ സാധനങ്ങളുടെ കൃത്യമായ വിതരണം ഉറപ്പാക്കുന്നതിന് വേണ്ടി ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായത്തിൻകീഴിൽ, 3-ാം വകുപ്പ് പ്രകാരമുള്ള അവകാശങ്ങൾ അനുസരിച്ചും I-ാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള വിലകളിലും സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായ അളവിലുമുള്ള ഭക്ഷ്യധാന്യങ്ങൾ കേന്ദ്ര പൂളിൽനിന്നും വകയിരുത്തേണ്ടതാണ്.

(2) കേന്ദ്ര സർക്കാർ, ഓരോ സംസ്ഥാനത്തിലും 10-ാം വകുപ്പ് പ്രകാരം തിരിച്ചറിയപ്പെട്ട അർഹതപ്പെട്ട കുടുംബങ്ങളിൽപ്പെടുന്ന ആളുകളുടെ എണ്ണത്തിന് അനുസൃതമായി ഭക്ഷ്യധാന്യങ്ങൾ വകയിരുത്തേണ്ടതാണ്.

(3) കേന്ദ്ര സർക്കാർ 4, 5 എന്നീ വകുപ്പുകളും 6-ാം വകുപ്പും പ്രകാരമുള്ള അവകാശങ്ങളെ സംബന്ധിച്ച് സംസ്ഥാന സർക്കാരുകൾക്ക് അർഹതപ്പെട്ട കുടുംബങ്ങളിൽപ്പെടുന്ന ആളുകൾക്ക് വേണ്ടി I-ാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള വിലകളിൽ ഭക്ഷ്യധാന്യങ്ങൾ നൽകേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പിന് ഭംഗംവരാതെ, കേന്ദ്ര സർക്കാർ,—

(ക) കേന്ദ്ര പൂളിനുവേണ്ടി അതിന്റെ സ്വന്തം ഏജൻസികളും സംസ്ഥാന സർക്കാരുകളും അവരുടെ ഏജൻസികളും വഴി ഭക്ഷ്യധാന്യങ്ങൾ സംഭരിക്കേണ്ടതും;

(ഖ) സംസ്ഥാനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ വകയിരുത്തേണ്ടതും;

(ഗ) ഓരോ സംസ്ഥാനത്തും കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന ഡിപ്പോകൾക്ക് വകയിരുത്തൽ അനുസരിച്ച് ഭക്ഷ്യധാന്യങ്ങളുടെ പരിവഹനത്തിന് വേണ്ടി വ്യവസ്ഥ ചെയ്യേണ്ടതും;

(ഘ) സംസ്ഥാന സർക്കാരിന്, സംസ്ഥാനത്തിനകത്തുള്ള ഭക്ഷ്യധാന്യങ്ങളുടെ നീക്കത്തിനും കൈകാര്യം ചെയ്യലിനും ന്യായവിലക്കട വ്യാപാരികൾക്ക് നൽകിയ മാർജിനുകൾക്കുമായി അത് വഹിച്ച ചെലവ് നേരിടുന്നതിന് കേന്ദ്ര സർക്കാർ, നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള മാനദണ്ഡങ്ങൾക്കും രീതിക്കും അനുസൃതമായി, സഹായം നൽകേണ്ടതും;

(ങ) ആവശ്യമുള്ള ആധുനികവും ശാസ്ത്രീയവുമായ സംഭരണ സൗകര്യങ്ങൾ വിവിധ തലങ്ങളിൽ ഒരുക്കേണ്ടതും പരിപാലിക്കേണ്ടതും,

ആണ്.

*ചില സംഗതികളിൽ സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിനാൽ ഫണ്ടുകൾക്കുള്ള വ്യവസ്ഥകൾ.*

23. കേന്ദ്ര പൂളിൽ നിന്നും ഒരു സംസ്ഥാനത്തിന് ഭക്ഷ്യധാന്യങ്ങളുടെ കമ്മിയായ ലഭ്യതയുടെ സംഗതിയിൽ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാരിന് II-ാം അദ്ധ്യായ പ്രകാരമുള്ള കടമകൾ നിർവ്വഹിക്കുന്നതിന് വേണ്ടി കമ്മിയായ ലഭ്യതയുടെ അത്രത്തോളം കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ ഫണ്ടുകൾ നൽകേണ്ടതാണ്.

അദ്ധ്യായം IX

## ഭക്ഷ്യസുരക്ഷയ്ക്ക് വേണ്ടിയുള്ള സംസ്ഥാന സർക്കാരിന്റെ കടമകൾ

*ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിന് വേണ്ടിയുള്ള പദ്ധതികളുടെ നടപ്പാക്കലും നിരീക്ഷണവും.*

24. (1) സംസ്ഥാന സർക്കാർ, ലക്ഷ്യമിട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് അവരുടെ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാർ ഓരോ പദ്ധതിക്കുമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി കേന്ദ്രസർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും പദ്ധതികളും അവരുടെ സ്വന്തം പദ്ധതികളും നടപ്പാക്കുന്നതിനും നിരീക്ഷിക്കുന്നതിനും, ഉത്തരവാദിയായിരിക്കുന്നതാണ്.

(2) ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായത്തിൻ കീഴിൽ—

(ക) കേന്ദ്ര സർക്കാർ സംസ്ഥാനത്ത് തെരഞ്ഞെടുത്തിട്ടുള്ള ഡിപ്പോകളിൽ നിന്ന് I-ാം പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള വിലകളിൽ ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുക്കുന്നതും വകയിരുത്തപ്പെട്ട ഭക്ഷ്യധാന്യങ്ങൾ അവരുടെ അംഗീകൃത ഏജൻസികൾ മുഖേന ഏൽപ്പിച്ചുകൊടുക്കുന്നതിലേക്കായി ഓരോ ന്യായവിലക്കടയുടെയും പടിവാതിൽക്കൽ എത്തിച്ചു കൊടുക്കുന്നതിനായി സംസ്ഥാനത്തിനുള്ളിലെ വകയിരുത്തൽ സംയോജിപ്പിക്കുന്നതും;

(ഖ) അവകാശപ്പെട്ട ആളുകൾക്ക് I-ാം പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള വിലകളിൽ ഭക്ഷ്യധാന്യങ്ങൾ യഥാർത്ഥത്തിൽ എത്തിച്ചുകൊടുക്കുന്നതോ വിതരണം ചെയ്യുന്നതോ ഉറപ്പാക്കുന്നതും,

സംസ്ഥാന സർക്കാരിന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(3) 4, 5 എന്നീ വകുപ്പുകളും 6-ാം വകുപ്പും പ്രകാരമുള്ള അവകാശങ്ങളെ സംബന്ധിച്ചുള്ള ഭക്ഷ്യധാന്യ ആവശ്യങ്ങൾക്കായി സംസ്ഥാനത്തെ കേന്ദ്ര സർക്കാരിന്റെ തെരഞ്ഞെടുത്തിട്ടുള്ള ഡിപ്പോകളിൽനിന്നും അർഹതപ്പെട്ട കുടുംബങ്ങളിൽപ്പെടുന്ന ആളുകൾക്ക് വേണ്ടി, I-ാം പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള വിലകളിൽ ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുക്കുകയും മുൻപറഞ്ഞ വകുപ്പുകളിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതുപോലെ അവകാശപ്പെട്ട ആനുകൂല്യങ്ങളുടെ യഥാർത്ഥ ഏറ്റെടുക്കൽ ഉറപ്പാക്കുന്നതും സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമായിരിക്കുന്നതാണ്.

(4) II-ാം അദ്ധ്യായത്തിൻകീഴിൽ അവകാശപ്പെട്ട ആളുകൾക്ക് അവകാശപ്പെട്ട അളവുകളിലുള്ള ഭക്ഷ്യധാന്യങ്ങളോ ആഹാരമോ വിതരണം ചെയ്യാത്ത സംഗതിയിൽ 8-ാം വകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഭക്ഷ്യ സുരക്ഷാ അലവൻസ് കൊടുക്കുന്നതിന് സംസ്ഥാന സർക്കാർ ഉത്തരവാദിയായിരിക്കുന്നതാണ്.

(5) ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായത്തിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് വേണ്ടി ഓരോ സംസ്ഥാനവും,—

(ക) ലക്ഷ്യമിട്ടിട്ടുള്ള പൊതു വിതരണ സമ്പ്രദായത്തിന്റെയും മറ്റ് ഭക്ഷ്യാധിഷ്ഠിത ക്ഷേമ പദ്ധതികളുടെയും കീഴിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഉൾക്കൊള്ളിക്കുവാൻ മതിയായ ശാസ്ത്രീയ സംഭരണ സൗകര്യങ്ങൾ സംസ്ഥാന, ജില്ല, ബ്ലോക്ക് എന്നീ തലങ്ങളിൽ ഒരുക്കേണ്ടതും പരിപാലിക്കേണ്ടതും;

(ഖ) അവരുടെ ഭക്ഷ്യ സിവിൽ സപ്ലൈസ് കോർപ്പറേഷനുകളുടെയും മറ്റ് തെരഞ്ഞെടുത്തിട്ടുള്ള ഏജൻസികളുടെയും ശേഷികൾ അനുയോജ്യമായി ശക്തിപ്പെടുത്തേണ്ടതും;

(ഗ) ന്യായവില കടകൾക്ക് വേണ്ടി, കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ട പ്രകാരമുള്ള അവശ്യ സാധനങ്ങൾ ആക്റ്റ്, 1955-ൻ കീഴിൽ ഉണ്ടാക്കപ്പെട്ട പൊതുവിതരണ സമ്പ്രദായ (നിയന്ത്രണ) ഉത്തരവ്, 2001-ലെ പ്രസക്തമായ വ്യവസ്ഥകൾക്കനുസൃതമായി സുസ്ഥാപിതമാക്കപ്പെട്ട ലൈസൻസിംഗ് ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും, 1955-ലെ 10.

ആണ്.

## അദ്ധ്യായം X

## തദ്ദേശാധികാരസ്ഥാനങ്ങളുടെ കടമകൾ

*തദ്ദേശാധികാരസ്ഥാനം അവരുടെ പ്രദേശങ്ങളിൽ ലക്ഷ്യമിട്ടിട്ടുള്ള പൊതു വിതരണ സമ്പ്രദായം നടപ്പാക്കൽ.*

25. (1) തദ്ദേശാധികാരസ്ഥാനങ്ങൾ അവരുടേതായ പ്രദേശങ്ങളിൽ ഈ ആക്റ്റ് ശരിയായി നടപ്പാക്കുന്നതിന് ഉത്തരവാദിയായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിന് ഭംഗംവരാതെ സംസ്ഥാന സർക്കാരിന്, വിജ്ഞാപനം വഴി, ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായം നടപ്പാക്കുന്നതിനുവേണ്ടിയുള്ള കൂടുതൽ ഉത്തരവാദിത്വങ്ങൾ തദ്ദേശാധികാരസ്ഥാനത്തിന് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

*തദ്ദേശാധികാരസ്ഥാനത്തിന്റെ കടമകൾ.*

26. ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കാൻ സജ്ജമായിട്ടുള്ള, കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരുകളുടെയും മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും വ്യത്യസ്ത പദ്ധതികൾ നടപ്പാക്കുന്നതിൽ, തദ്ദേശാധികാരസ്ഥാനങ്ങൾ അവരവരുടെ സംസ്ഥാന സർക്കാരുകളുടെ വിജ്ഞാപനം വഴി, അവയ്ക്ക് ഏൽപ്പിച്ചു കൊടുക്കാവുന്ന അങ്ങനെയുള്ള കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്നതിന് ഉത്തരവാദിയായിരിക്കുന്നതാണ്.

## അദ്ധ്യായം XI

## സുതാര്യതയും ഉത്തരവാദിത്വവും

*ലക്ഷ്യമിട്ടിട്ടുള്ള പൊതു വിതരണ സമ്പ്രദായത്തിന്റെ രേഖകളുടെ വെളിപ്പെടുത്തൽ.*

27. ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ പൊതുജനങ്ങൾക്ക് അധീനമായ വിധത്തിൽ വയ്ക്കേണ്ടതും പൊതുജനങ്ങളുടെ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

*സോഷ്യൽ ആഡിറ്റിന്റെ നടത്തിപ്പ്.*

28. (1) ഓരോ തദ്ദേശാധികാരസ്ഥാനമോ സംസ്ഥാന സർക്കാർ അധികാരപ്പെടുത്താവുന്ന മറ്റേതെങ്കിലും അധികാരസ്ഥാനമോ നികായമോ ന്യായവിലക്കടകളുടെയും ലക്ഷ്യമിട്ടിട്ടുള്ള പൊതു വിതരണ സമ്പ്രദായത്തിന്റെയും മറ്റ് ക്ഷേമ പദ്ധതികളുടെയും പ്രവർത്തനം സംബന്ധിച്ച് സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ കാലികമായ സോഷ്യൽ ആഡിറ്റുകൾ നടത്തേണ്ടതും അല്ലെങ്കിൽ നടത്തിപ്പിക്കേണ്ടതും അതിന്റെ കണ്ടെത്തലുകൾ പ്രസിദ്ധീകരിപ്പിക്കേണ്ടതും ആവശ്യമായ നടപടി എടുക്കേണ്ടതുമാണ്.

(2) കേന്ദ്ര സർക്കാരിന്, അതിന് ആവശ്യമെന്ന് കരുതുന്നുവെങ്കിൽ, സോഷ്യൽ ആഡിറ്റ് അങ്ങനെയുള്ള ആഡിറ്റുകളുടെ നടത്തിപ്പിൽ പരിചയമുള്ള സ്വതന്ത്ര ഏജൻസികൾ മുഖേന നടത്താവുന്നതോ നടത്തിപ്പിക്കാവുന്നതോ ആണ്.

*വിജിലൻസ് കമ്മിറ്റികൾ സ്ഥാപിക്കൽ.*

29. (1) ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായത്തിന്റെ സുതാര്യതയും ശരിയായ പ്രവർത്തനവും അങ്ങനെയുള്ള സമ്പ്രദായത്തിലെ ചുമതല നിർവ്വഹിക്കുന്നവരുടെ ഉത്തരവാദിത്വവും ഉറപ്പു വരുത്തുന്നതിന് വേണ്ടി ഓരോ സംസ്ഥാന സർക്കാരും, കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ട പ്രകാരമുള്ള അവശ്യസാധനങ്ങൾ ആക്റ്റ്, 1955-ൻ കീഴിൽ ഉണ്ടാക്കപ്പെട്ട പൊതുവിതരണ സമ്പ്രദായ (നിയന്ത്രണ) ഉത്തരവ്, 2001-ൽ നിർദ്ദേശിച്ച പ്രകാരം തദ്ദേശാധികാരസ്ഥാനങ്ങൾക്കും പട്ടികജാതിക്കാർക്കും പട്ടികഗോത്രവർഗ്ഗക്കാർക്കും വനിതകൾക്കും അഗതികൾക്കും അല്ലെങ്കിൽ വൈകല്യമുള്ള ആളുകൾക്കും ഉചിതമായ പ്രാധാന്യം നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ആളുകൾ അടങ്ങുന്ന വിജിലൻസ് കമ്മിറ്റികൾ സംസ്ഥാന, ജില്ല, ബ്ലോക്ക്, ന്യായവിലക്കട തലങ്ങളിൽ സ്ഥാപിക്കേണ്ടതാണ്.

*1955-ലെ 10.*

(2) വിജിലൻസ് കമ്മിറ്റികൾ താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(ക) ഈ ആക്റ്റ് പ്രകാരമുള്ള എല്ലാ പദ്ധതികളും നടപ്പാക്കുന്നത് പതിവായി മേൽനോട്ടം വഹിക്കുക;

(ഖ) ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ഏതെങ്കിലും ലംഘനത്തെ ജില്ലാ സങ്കടപരിഹാര ഉദ്യോഗസ്ഥനെ ലിഖിതമായി അറിയിക്കുക; കൂടാതെ

(ഗ) അത് കണ്ടെത്തിയ ഏതെങ്കിലും ദുർനടപടിയോ ഫണ്ടുകളുടെ ദുർവിനിയോഗമോ ലിഖിതമായി ജില്ലാ സങ്കടപരിഹാര ഉദ്യോഗസ്ഥനെ അറിയിക്കുക.

## അദ്ധ്യായം XII

## ഭക്ഷ്യസുരക്ഷ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ

*വിദൂര പ്രദേശം, മലമ്പ്രദേശം, ഗോത്രവർഗ്ഗ പ്രദേശം എന്നിവിടങ്ങളിൽ ജീവിക്കുന്ന ആളുകൾക്കുള്ള ഭക്ഷ്യ സുരക്ഷ.*

30. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും പ്രത്യേകം പറഞ്ഞിട്ടുള്ള അവകാശങ്ങൾ അനുഭവിക്കുന്നതിന് വേണ്ടി ഈ ആക്റ്റിലെയും പദ്ധതികളിലെയും വ്യവസ്ഥകൾ നടപ്പാക്കുന്ന വേളയിൽ പ്രത്യേകിച്ചും വിദൂര പ്രദേശങ്ങളിലും ചെന്നെത്താൻ വൈഷമ്യമുള്ള മറ്റ് പ്രദേശങ്ങളിലും മലമ്പ്രദേശങ്ങളിലും ഗോത്രവർഗ്ഗ പ്രദേശങ്ങളിലും ഉള്ള പീഡിത വിഭാഗങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിന് വേണ്ടി അവരുടെ ആവശ്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

*ഭക്ഷ്യവും പോഷകാഹാര സംബന്ധമായതും ആയ സുരക്ഷ കൂടുതൽ അഭിവൃദ്ധിപ്പെടുത്തുവാനുള്ള നടപടികൾ.*

31. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും തദ്ദേശാധികാര സ്ഥാനങ്ങളും ഭക്ഷ്യവും പോഷകാഹാര സംബന്ധമായതുമായ സുരക്ഷ അഭിവൃദ്ധിപ്പെടുത്തുന്ന ആവശ്യത്തിനായി III-ാം പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾ പടിപടിയായി കൈവരിക്കുന്നതിന് പ്രയത്നിക്കേണ്ടതാണ്.

## അദ്ധ്യായം XIII

## പലവക

*മറ്റ് ക്ഷേമപദ്ധതികൾ.*

32. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾ മറ്റ് ഭക്ഷ്യാധിഷ്ഠിത ക്ഷേമ പദ്ധതികൾ തുടരുകയോ ആവിഷ്കരിക്കുകയോ ചെയ്യുന്നതിൽ നിന്നും കേന്ദ്ര സർക്കാരിനെയോ സംസ്ഥാന സർക്കാരിനെയോ തടയുന്നതല്ല.

(2) ഈ ആക്റ്റിൽ എന്തുതന്നെയടങ്ങിയിരുന്നാലും, സംസ്ഥാന സർക്കാരിന്, അതിന്റെ സ്വന്തം വിഭവങ്ങളിൽനിന്നും ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആനുകൂല്യങ്ങളേക്കാൾ ഉയർന്ന ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഭക്ഷ്യാധിഷ്ഠിതമോ പോഷകാഹാരാധിഷ്ഠിതമോ ആയ പ്ലാനുകളോ പദ്ധതികളോ തുടരുകയോ ആവിഷ്കരിക്കുകയോ ചെയ്യാവുന്നതാണ്.

*പിഴ.*

33. ഏതെങ്കിലും പരാതിയോ അപ്പീലോ തീരുമാനിക്കുന്ന സമയത്ത്, ജില്ലാ സങ്കടപരിഹാര ഉദ്യോഗസ്ഥൻ ശിപാർശ ചെയ്ത ആശ്വാസം നൽകുവാൻ ന്യായമായ കാരണം കൂടാതെ വീഴ്ച വരുത്തിയതിനോ അങ്ങനെയുള്ള ശിപാർശ മനഃപൂർവ്വം അവഗണിച്ചതിനോ അപരാധിയാണെന്ന് സംസ്ഥാന കമ്മീഷൻ കണ്ടെത്തുന്ന ഏതൊരു പബ്ലിക് സർവെന്റോ അധികാരസ്ഥാനമോ അയ്യായിരം രൂപയിൽ കവിയാത്ത പിഴയ്ക്ക് ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്:

എന്നാൽ ഏതെങ്കിലും പിഴ ചുമത്തുന്നതിന് മുൻപ്, അതതു സംഗതിപോലെ, ആ പബ്ലിക് സർവെന്റിനോ ആ പൊതുഅധികാര സ്ഥാനത്തിനോ പറയുവാനുള്ളത് കേൾക്കുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതാണ്.

*ന്യായനിർണ്ണയ അധികാരം.*

34. (1) 33-ാം വകുപ്പ് പ്രകാരം പിഴ ന്യായനിർണ്ണയം ചെയ്യുന്ന ആവശ്യത്തിനായി, സംസ്ഥാന കമ്മീഷൻ, ഏതെങ്കിലും പിഴ ചുമത്തുന്ന ആവശ്യത്തിനായി ബന്ധപ്പെട്ട ഏതൊരാൾക്കും പറയുവാനുള്ളത് കേൾക്കുവാനുള്ള ന്യായമായ ഒരു അവസരം നൽകിയശേഷം നിർണ്ണയിക്കപ്പെട്ട രീതിയിൽ ഒരു അന്വേഷണ വിചാരണ നടത്തുന്നതിനുവേണ്ടി, ഒരു ന്യായനിർണ്ണയ ഉദ്യോഗസ്ഥനായി അതിലെ ഏതെങ്കിലും അംഗത്തെ അധികാരപ്പെടുത്തേണ്ടതാണ്.

(2) ഒരു അന്വേഷണവിചാരണ നടത്തുന്ന വേളയിൽ ന്യായ നിർണ്ണയ ഉദ്യോഗസ്ഥന്, കേസിന്റെ വസ്തുതകളെയും സാഹചര്യങ്ങളെയും കുറിച്ച് അറിവുള്ള ഏതൊരാളെയും തെളിവ് നൽകുന്നതിനോ ന്യായനിർണ്ണയ ഉദ്യോഗസ്ഥന്റെ അഭിപ്രായത്തിൽ അന്വേഷണ വിചാരണയുടെ വിഷയത്തിന് പ്രയോജനപ്രദമോ പ്രസക്തമോ ആകാവുന്ന ഏതെങ്കിലും രേഖ ഹാജരാക്കുന്നതിനോ വേണ്ടി വിളിച്ചു വരുത്തുവാനും ഹാജരാക്കിക്കുവാനും അധികാരമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള അന്വേഷണവിചാരണയിന്മേൽ, അദ്ദേഹത്തിന്, ജില്ലാ സങ്കടപരിഹാര ഓഫീസർ ശിപാർശ ചെയ്ത ആശ്വാസം നൽകുവാൻ ആ ആൾ ന്യായമായ കാരണം കൂടാതെ വീഴ്ച വരുത്തിയിട്ടുണ്ടെന്നോ അങ്ങനെയുള്ള ശിപാർശയെ മനഃപൂർവ്വം അവഗണിച്ചുവെന്നോ ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അദ്ദേഹത്തിന് 33-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി, അദ്ദേഹം ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള പിഴ ചുമത്താവുന്നതാണ്.

*ഏൽപ്പിച്ചുകൊടുക്കുന്നതിന് കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനുമുള്ള അധികാരം.*

35. (1) കേന്ദ്ര സർക്കാരിന്, വിജ്ഞാപനം വഴി, അതിന് വിനിയോഗിക്കാവുന്ന അധികാരങ്ങൾ (ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം ഒഴികെ) വിജ്ഞാപനത്തിൽ അത് നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സാഹചര്യങ്ങളിലും അങ്ങനെയുള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായും സംസ്ഥാന സർക്കാരിനോ, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനോ കൂടി വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(2) സംസ്ഥാന സർക്കാരിന്, വിജ്ഞാപനം വഴി, അതിന് വിനിയോഗിക്കാവുന്ന അധികാരങ്ങൾ (ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം ഒഴികെ) വിജ്ഞാപനത്തിൽ അത് നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സാഹചര്യങ്ങളിലും അങ്ങനെയുള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി അതിന് കീഴിലുള്ള ഒരു ഉദ്യോഗസ്ഥനും വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

*ആക്റ്റിന് അധിപ്രഭാവം ഉണ്ടായിരിക്കുമെന്ന്.*

36. ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട പദ്ധതികളിലെയോ വ്യവസ്ഥകൾക്ക്, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ, അങ്ങനെയുള്ള നിയമത്തിന്റെ ബലത്തിൽ പ്രഭാവമുള്ള ഏതെങ്കിലും കരണത്തിലോ അവയ്ക്ക് അസംഗതമായി എന്തുതന്നെയടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

*പട്ടികകൾ ഭേദഗതി ചെയ്യുന്നതിനുള്ള അധികാരം.*

37. (1) കേന്ദ്ര സർക്കാർ, അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്നോ സമീചീനമാണെന്നോ ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അതിന്, വിജ്ഞാപനം വഴി, I-ാം പട്ടികയോ II-ാം പട്ടികയോ III-ാം പട്ടികയോ IV-ാം പട്ടികയോ ഭേദഗതി ചെയ്യാവുന്നതും അതിന്മേൽ, അതതുസംഗതിപോലെ, I-ാം പട്ടികയോ II-ാം പട്ടികയോ III-ാം പട്ടികയോ IV-ാം പട്ടികയോ അതിനനുസൃതമായി ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ളതായി കരുതപ്പെടേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ വിജ്ഞാപനത്തിന്റെയും ഒരു പകർപ്പ് അത് പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നത്രവേഗം പാർലമെന്റിന്റെ ഓരോ സഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

*നിർദ്ദേശങ്ങൾ നൽകുവാനുള്ള കേന്ദ്ര സർക്കാരിന്റെ അധികാരം.*

38. കേന്ദ്ര സർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുന്നതിനുവേണ്ടി അതിന് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ സംസ്ഥാന സർക്കാരുകൾക്ക് നൽകാവുന്നതും അങ്ങനെയുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പാലിക്കേണ്ടതുമാണ്.

*ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ അധികാരം.*

39. (1) കേന്ദ്ര സർക്കാരിന്, സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ചും വിജ്ഞാപനം വഴിയും ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 4-ാം വകുപ്പിന്റെ (ഖ) ഖണ്ഡപ്രകാരം ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രസവാനുകൂല്യം നൽകുന്നതിന് വേണ്ടി ചെലവ് പങ്കുവയ്ക്കൽ ഉൾപ്പെടെയുള്ള പദ്ധതി;

(ഖ) 7-ാം വകുപ്പ് പ്രകാരം ചെലവ് പങ്കുവയ്ക്കൽ ഉൾപ്പെടെ 4, 5 എന്നീ വകുപ്പുകളും 6-ാം വകുപ്പും പ്രകാരമുള്ള അവകാശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ;

(ഗ) 8-ാം വകുപ്പ് പ്രകാരം അവകാശപ്പെട്ട വ്യക്തികൾക്ക് ഭക്ഷ്യ സുരക്ഷാ അലവൻസ് തുകയും അത് നൽകുന്നതിന്റെ സമയവും രീതിയും;

(ഘ) 12-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (ജ) ഖണ്ഡപ്രകാരം അങ്ങനെയുള്ള പ്രദേശങ്ങളിലും രീതിയിലും ലക്ഷ്യമിട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് അവരുടെ ഭക്ഷ്യധാന്യ അവകാശങ്ങൾ ഉറപ്പുവരുത്തുവാനായി പണം കൈമാറ്റ സ്കീമുകളോ ഭക്ഷ്യകൂപ്പണുകളോ മറ്റ് സ്കീമുകളോ ആരംഭിക്കുന്നത്;

(ങ) 22-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിലെ (ഘ) ഖണ്ഡപ്രകാരമുള്ള ചെലവ് വഹിക്കുന്നതിൽ സംസ്ഥാന സർക്കാരുകൾക്ക് സഹായം നൽകുന്നതിന്റെ മാനദണ്ഡങ്ങളും രീതിയും;

(ച) 23-ാം വകുപ്പ് പ്രകാരം ഭക്ഷ്യധാന്യങ്ങളുടെ കമ്മിയായ ലഭ്യതയുടെ സംഗതിയിൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകൾക്ക് ഫണ്ടുകൾ നൽകേണ്ട രീതി;

(ഛ) കേന്ദ്ര സർക്കാരിനാൽ, ചട്ടങ്ങൾ വഴി, നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ, ഏതിനെ സംബന്ധിച്ചാണോ വ്യവസ്ഥ ഉണ്ടാക്കേണ്ടത്, ആയ മറ്റേതെങ്കിലും കാര്യം.

(3) ഈ ആക്റ്റ് പ്രകാരം കേന്ദ്ര സർക്കാർ ഉണ്ടാക്കുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ അത് സമ്മേളനത്തിലായിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ

സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുൻപ്, ഇരു സഭകളും, ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുതെന്ന തിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിന്, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതക്ക് ഭംഗംവരാതെ ചെയ്യപ്പെട്ടിട്ടുള്ള വിധത്തിലായിരിക്കേണ്ടതാണ്.

*ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരം.*

40. (1) സംസ്ഥാന സർക്കാരിന്, വിജ്ഞാപനം വഴിയും, മുൻപുള്ള പ്രസിദ്ധീകരണ ഉപാധിക്ക് വിധേയമായും ഈ ആക്റ്റിനും കേന്ദ്ര സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾക്കും സംഗതമായും, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുവാൻ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 10-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം മുൻഗണനാ കുടുംബങ്ങളുടെ തിരിച്ചറിയലിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ;

(ഖ) 14-ാം വകുപ്പ് പ്രകാരമുള്ള ആഭ്യന്തര സങ്കടപരിഹാര സംവിധാനം;

(ഗ) 15-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം ജില്ലാ സങ്കടപരിഹാര ഉദ്യോഗസ്ഥനായുള്ള നിയമനത്തിനുള്ള യോഗ്യതകളും അതിന്റെ അധികാരങ്ങളും;

(ഘ) 15-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് പ്രകാരം ജില്ലാ സങ്കടപരിഹാര ഉദ്യോഗസ്ഥന്റെ നിയമനരീതിയും വ്യവസ്ഥകളും ഉപാധികളും;

(ങ) 15-ാം വകുപ്പിന്റെ (5)-ഉം (7)-ഉം ഉപവകുപ്പുകൾപ്രകാരം ജില്ലാ സങ്കടപരിഹാര ഉദ്യോഗസ്ഥൻ പരാതികൾ കേൾക്കുന്നതിനും അപ്പീലുകൾ ഫയൽ ചെയ്യുന്നതിനുമുള്ള രീതിയും സമയപരിധിയും;

(ച) 16-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന കമ്മീഷനിലെ ചെയർപേഴ്സന്റെയും മറ്റ് അംഗങ്ങളുടെയും മെംബർ സെക്രട്ടറിയുടെയും നിയമന രീതിയും നിയമനത്തിന്റെ വ്യവസ്ഥകളും ഉപാധികളും കമ്മീഷന്റെ യോഗങ്ങൾക്കുള്ള നടപടിക്രമവും അതിന്റെ അധികാരങ്ങളും;

(ഛ) 16-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന കമ്മീഷനിലെ ജീവനക്കാരുടെ നിയമന രീതിയും അവരുടെ ശമ്പളവും അലവൻസുകളും സേവനോപാധികളും;

(ജ) ലക്ഷ്യമിട്ട പൊതുവിതരണ സമ്പ്രദായവുമായി ബന്ധപ്പെട്ട രേഖകൾ 27-ാം വകുപ്പ് പ്രകാരം പൊതുജനങ്ങൾക്കധീനമായവിധം വയ്ക്കേണ്ടതും പൊതുജനങ്ങളുടെ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമായ രീതി;

(ഝ) ന്യായവിലക്കടകളുടെയും ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായത്തിന്റെയും മറ്റ് ക്ഷേമ പദ്ധതികളുടെയും പ്രവർത്തനത്തെക്കുറിച്ച് 28-ാം വകുപ്പ് പ്രകാരം സോഷ്യൽ ആഡിറ്റ് നടത്തേണ്ട രീതി;

(ഞ) 29-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം വിജിലൻസ് കമ്മിറ്റികളുടെ രൂപീകരണം;

(ട) 43-ാം വകുപ്പ് പ്രകാരം സ്ഥാപന സംവിധാനം ഉപയോഗപ്പെടുത്തുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരുകളുടെയോ പദ്ധതികളോ പരിപാടികളോ;

(ഠ) സംസ്ഥാന സർക്കാരിനാൽ, ചട്ടങ്ങൾ വഴി, നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ, ഏതിനെ സംബന്ധിച്ചാണോ വ്യവസ്ഥ ഉണ്ടാക്കേണ്ടത്, ആയ മറ്റേതെങ്കിലും കാര്യം.

(3) ഈ ആക്റ്റിൻകീഴിൽ സംസ്ഥാന സർക്കാർ ഉണ്ടാക്കിയതോ പുറപ്പെടുവിച്ചതോ ആയ ഓരോ ചട്ടവും വിജ്ഞാപനവും മാർഗ്ഗനിർദ്ദേശങ്ങളും അവ ഉണ്ടാക്കിയതിനോ പുറപ്പെടുവിച്ചതിനോ ശേഷം ആകുന്നത്രവേഗത്തിൽ, സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിൽ രണ്ട് സഭകൾ ഉള്ളിടത്ത് ഓരോ സഭയുടെയും മുമ്പാകെയും, സംസ്ഥാന നിയമ നിർമ്മാണമണ്ഡലത്തിൽ ഒരു സഭ ഉള്ളിടത്ത് ആ സഭയുടെ മുമ്പാകെയും വയ്ക്കേണ്ടതാണ്.

*പദ്ധതികൾ മാർഗ്ഗനിർദ്ദേശങ്ങൾ മുതലായവയ്ക്കുള്ള പരിവർത്തന വ്യവസ്ഥകൾ.*

41. ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ നിലവിലുള്ള പദ്ധതികളും മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും ഭക്ഷ്യ നിലവാരവും സങ്കടപരിഹാര സംവിധാനവും വിജിലൻസ് കമ്മിറ്റികളും പ്രാബല്യത്തിൽ തുടരേണ്ടതും അങ്ങനെയുള്ള പദ്ധതികളും മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും ഭക്ഷ്യ നിലവാരവും സങ്കടപരിഹാര സംവിധാനവും വിജിലൻസ് കമ്മിറ്റികളും ഈ ആക്റ്റോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം പ്രത്യേകം പറയുകയോ വിജ്ഞാപനം ചെയ്യുകയോ ചെയ്യുന്നതുവരെ പ്രവർത്തനത്തിലായിരിക്കേണ്ടതുമാണ്:

എന്നാൽ പ്രസ്തുത പദ്ധതികളും, മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും ഭക്ഷ്യനിലവാരവും സങ്കടപരിഹാര സംവിധാനവും പ്രകാരമോ വിജിലൻസ് കമ്മിറ്റികളാലോ ചെയ്യപ്പെട്ട എന്തെങ്കിലുമോ എടുക്കപ്പെട്ട ഏതെങ്കിലും നടപടിയോ ഈ ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥകൾ പ്രകാരം ചെയ്യപ്പെട്ടിട്ടുള്ളതായോ എടുക്കപ്പെട്ടിട്ടുള്ളതായോ കരുതപ്പെടേണ്ടതും അതിനനുസൃതമായി ഈ ആക്റ്റ് പ്രകാരം ചെയ്യപ്പെട്ട എന്തെങ്കിലും വഴിയോ എടുക്കപ്പെട്ട ഏതെങ്കിലും നടപടി വഴിയോ അതിലംഘിക്കപ്പെടാത്ത പക്ഷവും അതുവരെയും പ്രാബല്യത്തിൽ തുടരേണ്ടതാണ്.

*വൈഷമ്യങ്ങൾ നീക്കം ചെയ്യുവാനുള്ള അധികാരം.*

42. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാവുകയാണെങ്കിൽ, കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരവ് വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തതും വൈഷമ്യം നീക്കംചെയ്യുന്നതിന് ആവശ്യമാണെന്നോ സമീചീനമാണെന്നോ അതിന് തോന്നുന്ന അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പിൻകീഴിൽ യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഓരോ ഉത്തരവും അതുണ്ടാക്കിയശേഷം ആകുന്നത്ര വേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

*മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി സ്ഥാപന സംവിധാനങ്ങളുടെ ഉപയോഗപ്പെടുത്തൽ.*

43. 15-ഉം 16-ഉം വകുപ്പുകൾ പ്രകാരം നിയമിക്കപ്പെടേണ്ടതോ രൂപീകരിക്കപ്പെടേണ്ടതോ ആയ അധികാരസ്ഥാനങ്ങളുടെ സേവനങ്ങൾ, സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരുകളുടെയോ മറ്റ് പദ്ധതികളോ പരിപാടികളോ നടപ്പാക്കുന്നതിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

*തടുത്തു നിർത്താനാവാത്ത സംഭവങ്ങൾ.*

44. കേന്ദ്ര സർക്കാരോ, അതതുസംഗതിപോലെ, സംസ്ഥാന സർക്കാരോ ഈ ആക്റ്റ് പ്രകാരം അവകാശപ്പെട്ട ഏതൊരാളിന്റെയും, ഈ ആക്റ്റ് പ്രകാരം അങ്ങനെയുള്ള ആളിനുള്ള ഭക്ഷ്യധാന്യങ്ങളുടെയോ ആഹാരത്തിന്റെയോ പതിവായ വിതരണത്തെ ബാധിക്കുന്ന യുദ്ധത്തിന്റെയോ വെള്ളപ്പൊക്കത്തിന്റെയോ വരൾച്ചയുടെയോ തീപിടിത്തത്തിന്റെയോ ചുഴലിക്കാറ്റിന്റെയോ ഭൂമികുലുക്കത്തിന്റെയോ സംഗതിയിൽ ഒഴികെ, ഒരവകാശവാദത്തിന് ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്:

എന്നാൽ കേന്ദ്ര സർക്കാരിന് ആസൂത്രണ കമ്മീഷനുമായി കൂടിയാലോചിച്ച് അങ്ങനെയുള്ള ആളിനുള്ള ഭക്ഷ്യധാന്യങ്ങളുടെയോ ആഹാരത്തിന്റെയോ വിതരണത്തെ പതിവായി ബാധിക്കുന്ന അങ്ങനെയുള്ള ഏതെങ്കിലും സ്ഥിതി ഉണ്ടായിട്ടുണ്ടെന്നോ നിലവിലുണ്ടെന്നോ അല്ലെന്നോ പ്രഖ്യാപിക്കാവുന്നതാണ്.

*റദ്ദാക്കലും ഒഴിവാക്കലും. 2013-ലെ 7-ാം ഓർഡിനൻസ്*

45. (1) ദേശീയ ഭക്ഷ്യ സുരക്ഷ ഓർഡിനൻസ്, 2013 ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം,—

(ക) ചെയ്ത എന്തെങ്കിലുമോ എടുത്ത ഏതെങ്കിലും നടപടിയോ അർഹതപ്പെട്ട കുടുംബങ്ങളുടെ നടത്തിയ ഏതെങ്കിലും തിരിച്ചറിയലോ;

(ഖ) ആർജ്ജിച്ചതോ സിദ്ധിച്ചതോ വഹിച്ചതോ ആയ ഏതെങ്കിലും അവകാശമോ ഉടമസ്ഥാവകാശമോ വിശേഷാവകാശമോ കടമയോ ബാദ്ധ്യതയോ;

(ഗ) ഉണ്ടാക്കിയ ഏതെങ്കിലും മാർഗ്ഗനിർദ്ദേശങ്ങളോ പുറപ്പെടുവിച്ച നിർദ്ദേശങ്ങളോ;

(ഘ) മുൻപറഞ്ഞപ്രകാരം അങ്ങനെയുള്ള അവകാശത്തെയോ ഉടമസ്ഥാവകാശത്തെയോ വിശേഷാവകാശത്തെയോ കടമയെയോ ബാദ്ധ്യതയെയോ സംബന്ധിച്ച് ആരംഭിക്കപ്പെട്ടതോ നടത്തപ്പെട്ടതോ തുടർന്നതോ ആയ ഏതെങ്കിലും അന്വേഷണമോ അന്വേഷണ വിചാരണയോ മറ്റേതെങ്കിലും നിയമ നടപടിയോ;

(ങ) ഏതെങ്കിലും കുറ്റത്തെ സംബന്ധിച്ച് ചുമത്തിയ ഏതെങ്കിലും പിഴയോ,

ഈ ആക്റ്റിലെ തത്സ്ഥാനീയ വ്യവസ്ഥകൾ പ്രകാരം ചെയ്തിട്ടുള്ളതോ എടുത്തിട്ടുള്ളതോ, ഉണ്ടാക്കിയിട്ടുള്ളതോ ആർജ്ജിച്ചിട്ടുള്ളതോ സിദ്ധിച്ചിട്ടുള്ളതോ ബാദ്ധ്യസ്ഥമാക്കിയിട്ടുള്ളതോ രൂപം കൊടുത്തിട്ടുള്ളതോ പുറപ്പെടുവിച്ചിട്ടുള്ളതോ ആരംഭിച്ചിട്ടുള്ളതോ നടത്തിയിട്ടുള്ളതോ തുടർന്നിട്ടുള്ളതോ ചുമത്തിയിട്ടുള്ളതോ ആയി കരുതേണ്ടതാണ്.

## പട്ടിക I

**[3(1), 22(1), (3) എന്നീ വകുപ്പുകളും 24(2), (3) എന്നീ വകുപ്പുകളും കാണുക]**

### ലക്ഷ്യമിട്ടിട്ടുള്ള പൊതുവിതരണ സമ്പ്രദായ പ്രകാരമുള്ള സബ്സിഡി നൽകപ്പെട്ട വില

അർഹതപ്പെട്ട കുടുംബങ്ങൾക്ക്, 3-ാം വകുപ്പ് പ്രകാരം ഈ ആക്റ്റിലെ പ്രാരംഭ തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് അരി കിലോഗ്രാമിന് 3 രൂപയിലും ഗോതമ്പ് കിലോഗ്രാമിന് 2 രൂപയിലും പരുക്കൻ ധാന്യങ്ങൾ കിലോഗ്രാമിന് 1 രൂപയിലും കവിയാത്ത സബ്സിഡി നൽകപ്പെട്ട വിലയ്ക്കും അതിനുശേഷം, അതത് സംഗതിപോലെ,—

(i) ഗോതമ്പിനും പരുക്കൻ ധാന്യങ്ങൾക്കും ഉള്ള ഏറ്റവും കുറഞ്ഞ താങ്ങുവിലയിലും;

(ii) അരിക്ക് ലഭിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ താങ്ങുവിലയിലും,

കവിയാത്ത, കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ നിശ്ചയിക്കാവുന്ന അങ്ങനെയുള്ള വിലയ്ക്കും ഭക്ഷ്യധാന്യങ്ങൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

## പട്ടിക II

[വകുപ്പുകൾ 4(ക)-ഉം 5(1)-ഉം 6-ഉം കാണുക]

### പോഷക നിലവാരങ്ങൾ

*പോഷക നിലവാരങ്ങൾ:* സംയോജിത ശിശുവികസന സേവന പദ്ധതിക്കനുസൃതമായി "വീട്ടിൽ കൊണ്ടുപോകാവുന്ന റേഷനോ" പാകം ചെയ്ത ചൂടുള്ള പോഷകാഹാരമോ നൽകുന്നതുവഴി കൈവരിക്കുന്നതിന് ആവശ്യമായ, 6 മാസം മുതൽ 3 വയസ്സ് വരെയുള്ള പ്രായവിഭാഗത്തിലും 3 മുതൽ 6 വയസ്സ് വരെയുള്ള പ്രായവിഭാഗത്തിലും ഉള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വേണ്ട, പോഷക നിലവാരങ്ങളും ഉച്ചഭക്ഷണ പദ്ധതിയിൻകീഴിൽ ലോവർ-അപ്പർ പ്രൈമറി ക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ട പോഷക നിലവാരങ്ങളും താഴെപ്പറയും പ്രകാരമാണ്:

| *ക്രമ നമ്പർ* | *വിഭാഗം* | *ആഹാരത്തിന്റെ തരം* | *കലോറീസ് (കിലോ കലോറീസ്)* | *പ്രോട്ടീൻ (ഗ്രാം)* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | കുട്ടികൾ (6 മാസം മുതൽ 3 വർഷം വരെ) | വീട്ടിൽ കൊണ്ടുപോകാവുന്ന റേഷൻ | 500 | 12–15 |
| 2 | കുട്ടികൾ (3 മുതൽ 6 വർഷം വരെ) | രാവിലത്തെ സ്നാക്കും പാകം ചെയ്ത ചൂടുള്ള ആഹാരവും | 500 | 12–15 |
| 3 | പോഷകാഹാരക്കുറവുള്ള കുട്ടികൾ (6 മാസം മുതൽ 6 വർഷം വരെ) | വീട്ടിൽ കൊണ്ടുപോകാവുന്ന റേഷൻ | 800 | 20–25 |
| 4 | ലോവർ പ്രൈമറി ക്ലാസ്സുകൾ | പാകം ചെയ്ത ചൂടുള്ള ആഹാരം | 450 | 12 |
| 5 | അപ്പർ പ്രൈമറി ക്ലാസ്സുകൾ | പാകം ചെയ്ത ചൂടുള്ള ആഹാരം | 700 | 20 |
| 6 | ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും | വീട്ടിൽ കൊണ്ടുപോകാവുന്ന റേഷൻ | 600 | 18–20 |

# പട്ടിക III

(വകുപ്പ് 31 കാണുക)

## ഭക്ഷ്യസുരക്ഷ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ

(1) കൃഷി പുനരുജ്ജീവിപ്പിക്കൽ—

(ക) ചെറുതും ഇടത്തരക്കാരുമായ കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ മുഖേനയുള്ള കാർഷിക പരിഷ്കാരങ്ങൾ;

(ഖ) ഗവേഷണവും വികസനവും വിപുലീകരണസേവനങ്ങളും വളരെ ചെറിയതും ചെറുകിടയുമായി ജലസേചനവും ഉൽപ്പാദനശേഷിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുവാനുള്ള അധികാരവും ഉൾപ്പെടെ കൃഷിയിലുള്ള നിക്ഷേപങ്ങൾ വർദ്ധിപ്പിക്കൽ;

(ഗ) ലാഭകരമായ വിലകൾ, ഇൻപുട്ടിലേക്കുള്ള പ്രാപ്യത, കടം, ജലസേചനം, അധികാരം, വിള ഇൻഷ്വറൻസ് മുതലായവ വഴി കർഷകർക്ക് ഉപജീവനമാർഗ്ഗ സുരക്ഷ ഉറപ്പുവരുത്തൽ;

(ഘ) ഭൂമിയും വെള്ളവും ഭക്ഷ്യ ഉൽപ്പാദനത്തിൽനിന്നും അനുചിതമായി മാറ്റുന്നത് നിരോധിക്കൽ.

(2) സംഭരണവും ശേഖരണവും നീക്കവുമായി ബന്ധപ്പെട്ട ഇടപെടലുകൾ—

(ക) പരുക്കൻ ധാന്യങ്ങളുടെ സംഭരണം ഉൾപ്പെടെ വികേന്ദ്രീകൃത സംഭരണം പ്രോത്സാഹിപ്പിക്കൽ;

(ഖ) സംഭരണ പ്രവർത്തനങ്ങളുടെ ഭൂമിശാസ്ത്രപരമായ വൈവിധ്യവൽക്കരണം;

(ഗ) പര്യാപ്തമായ വികേന്ദ്രീകൃതവും ആധുനികവും ശാസ്ത്രപരവുമായ ശേഖരണം വർദ്ധിപ്പിക്കൽ;

(ഘ) മിച്ചപ്രദേശങ്ങളിൽനിന്നും ഉപയോഗിക്കുന്ന പ്രദേശങ്ങളിലേക്കുള്ള ഭക്ഷ്യധാന്യനീക്കം സുഗമമാക്കുന്നതിന് റെയിൽ പാതകളുടെ ലൈൻ ശേഷി വികസിപ്പിക്കൽ ഉൾപ്പെടെ ഭക്ഷ്യ ധാന്യങ്ങളുടെ നീക്കത്തിന് ഉയർന്ന മുൻഗണന നൽകലും ഈ ആവശ്യത്തിനുവേണ്ടി മതിയായ എണ്ണം റേക്കുകൾ നൽകലും.

(3) മറ്റുള്ളവ:

(ക) സുരക്ഷിതവും മതിയായതുമായ കുടിവെള്ളവും ശുചീകരണവും;

(ഖ) ആരോഗ്യ സുരക്ഷ;

(ഗ) കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്ക് പോഷക, ആരോഗ്യ, വിദ്യാഭ്യാസ സഹായം;

(ഘ) മുതിർന്ന പൗരൻമാർക്കും അവശതയുള്ള ആളുകൾക്കും ഏകാകിയായ സ്ത്രീകൾക്കും മതിയായ പെൻഷനുകൾ,

എന്നിവ പ്രാപ്യമാക്കുന്നതിന്.

## പട്ടിക IV

[3(1)-ാം വകുപ്പ് കാണുക]

### ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാനതല വകയിരുത്തൽ

| ക്രമനമ്പർ | സംസ്ഥാനത്തിന്റെ പേര് | അളവ് (ലക്ഷം ടണ്ണുകളിൽ) |
|---|---|---|
| 1 | ആന്ധ്ര പ്രദേശ് | 32.10 |
| 2 | അരുണാചൽ പ്രദേശ് | 0.89 |
| 3 | ആസ്സാം | 16.95 |
| 4 | ബീഹാർ | 55.27 |
| 5 | ഛത്തീസ്ഗഢ് | 12.91 |
| 6 | ഡൽഹി | 5.73 |
| 7 | ഗോവ | 0.59 |
| 8 | ഗുജറാത്ത് | 23.95 |
| 9 | ഹരിയാന | 7.95 |
| 10 | ഹിമാചൽ പ്രദേശ് | 5.08 |
| 11 | ജമ്മു ആന്റ് കാശ്മീർ | 7.51 |
| 12 | ജാർഖണ്ഡ് | 16.96 |
| 13 | കർണ്ണാടക | 25.56 |
| 14 | കേരള | 14.25 |
| 15 | മദ്ധ്യപ്രദേശ് | 34.68 |
| 16 | മഹാരാഷ്ട്ര | 45.02 |
| 17 | മണിപ്പൂർ | 1.51 |
| 18 | മേഘാലയ | 1.76 |
| 19 | മിസ്സോറാം | 0.66 |
| 20 | നാഗാലാന്റ് | 1.38 |
| 21 | ഒഡീഷ | 21.09 |
| 22 | പഞ്ചാബ് | 8.70 |
| 23 | രാജസ്ഥാൻ | 27.92 |
| 24 | സിക്കിം | 0.44 |
| 25 | തമിഴ്നാട് | 36.78 |
| 26 | ത്രിപുര | 2.71 |
| 27 | ഉത്തർ പ്രദേശ് | 96.15 |
| 28 | ഉത്തരാഖണ്ഡ് | 5.03 |
| 29 | പശ്ചിമ ബംഗാൾ | 38.49 |
| 30 | ആൻഡമാൻ നിക്കോബർ ദ്വീപുകൾ | 0.16 |
| 31 | ചാണ്ഡിഗഢ് | 0.31 |
| 32 | ദാദ്ര-നഗർ ഹവേലി | 0.15 |
| 33 | ഡാമൻ ആന്റ് ഡിയു | 0.07 |
| 34 | ലക്ഷദ്വീപ് | 0.05 |
| 35 | പുതുച്ചേരി | 0.50 |
| | **ആകെ** | **549.26** |

613